10
2026
ജൂൺ
ബുധൻ
ഇടവം 27

NAUTICAL TIMES KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 116 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-116 പേജ് 4. വില 2.00 രൂപ

02 സർക്കാർ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ്; യുവതിയിൽ നിന്നും പണം കവർന്നു

03 സെക്രട്ടറിയേറ്റിൽ വീണ്ടും മാധ്യമ നിയന്ത്രണം; പ്രധാന സമര ഗേറ്റും ബാരിക്കേഡ് വച്ച് അടച്ചു

04 ശ്രീലങ്ക എയ്ക്കെതിരായ ഏകദിനം; ഇന്ത്യ എയ്ക്ക് മികച്ച സ്കോർ

ട്രോളിംഗ് നിലവിൽ വന്നു ഇനി വറുതിയുടെ കാലം

സ്വന്തം ലേഖകൻ

തിരുവനന്തപുരം : സംസ്ഥാനത്ത് ട്രോളിംഗ് നിലവിൽ വന്നു. ഇനി വറുതിയുടെ കാലം. ജൂലൈ 31 വരെ 52 ദിവസത്തേക്കാണ് ഈ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. യന്ത്രവൽകൃത ബോട്ടുകൾക്ക് വിലക്കുള്ളതിനാൽ കടലിനെ ആശ്രയിച്ചു ജീവിക്കുന്ന ആയിരക്കണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ തൊഴിലാളികൾക്കും ഇത് കടുത്ത വറുതിയുടെയും ആശങ്കകളുടെയും കാലമാണ്. അതുപോലെ ഇൻബോർഡ് എൻജിൻ ഘടിപ്പിച്ച വലിയ ട്രോൾ ബോട്ടുകൾക്ക് കടലിൽ പോകുന്നതിന് പൂർണ്ണ നിരോധനമുണ്ട്. പരമ്പരാഗത വള്ളങ്ങൾക്കും ചെറുവള്ളങ്ങൾക്കും ഉപരിതല മത്സ്യബന്ധനം നടത്തുന്നതിന് തടസ്സമില്ല. മത്സ്യങ്ങളുടെ സുഗമമായ പ്രജനനത്തിനും കടൽവിഭവങ്ങളുടെ സുസ്ഥിരത ഉറപ്പാക്കാനുമായി ഈ നിരോധനം അനിവാര്യമാണെങ്കിലും, തീരദേശത്തെ സാധാരണക്കാരുടെ ജീവിതം കഠിനമാകുന്ന ഈ നാളുകളിൽ സർക്കാർ സഹായങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കേണ്ടതുണ്ട്.നിരോധനം ലംഘിക്കുന്നത് തടയാൻ ഹാർബറുകളിലെ പ്രധാന ഇന്ധന പമ്പുകൾ ജൂലൈ 28 വരെ അടച്ചിടും. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ബോട്ടുകൾക്ക് കേരള തീരത്ത് കർശന വിലക്കേർപ്പെടുത്തിയിട്ടുണ്ട്.ഐസ് ഫാക്ടറി തൊഴിലാളികൾ, ഫാക്ടറി തൊഴിലാളികൾ, ഐസ് കമ്പനിയിലെ ജീവനക്കാർ,ഹാർബറിന് സമീപം പ്രവർത്തിക്കുന്ന കച്ചവടക്കാർ,ഹാർബറിൽ വെള്ളം കോരുന്നവർ തുടങ്ങി നൂറ് കണക്കിന് ജീവനക്കാർ ഇനി മുതൽ മറ്റു മേഖലയിൽ ജോലിക്ക് പോകേണ്ട അവസ്ഥയാണ്. എന്നാൽ പരമ്പരാഗത തൊഴിലാളികൾക്ക് വള്ളത്തിൽ മൽസ്യ ബന്ധനം നടത്താൻ കഴിയും.സർക്കാർ നിശ്ചയിക്കുന്ന ചുറ്റളവിൽ മാത്രമേ മൽസ്യ ബന്ധനം നടത്താൻ പാടുള്ളൂ.

കടൽക്ഷോഭവും ഇന്ധന വില വർദ്ധനവും മൂലം നിലവിൽ തന്നെ പ്രതിസന്ധിയിലായ തീരദേശത്തിന്, തുടർച്ചയായ 52 ദിവസത്തെ തൊഴിലില്ലായ്മ കനത്ത തിരിച്ചടിയാണ്. അതോടെ, മത്സ്യവില ഉയരും. ട്രോളിംഗ് ആരംഭിക്കുന്നതോടെ വിപണിയിൽ മീൻ ലഭ്യത കുറയുകയും വില കുതിച്ചുയരുകയും ചെയ്യുന്നത് സാധാരണ ജനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.കേരളത്തിൽ മത്സ്യക്ഷാമം നേരിടുന്നതോടെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങൾ വിപണിയിലേക്ക് എത്താൻ സാധ്യതയുണ്ട്. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കും. വറുതിക്കാലത്ത് പട്ടിണി ഒഴിവാക്കാൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി സർക്കാർ സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്. സുരക്ഷ ഉറപ്പാക്കാനും നിയമലംഘനങ്ങൾ തടയാനും എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ കോസ്റ്റ് ഗാർഡും നേവിയും മറൈൻ ആംബുലൻസുകളും സജ്ജമാക്കിയിട്ടുണ്ട്.

സൈനിക് സ്കൂളിൽ സമഗ്ര മെഡിക്കൽ ക്യാമ്പ് നടന്നു

തിരുവനന്തപുരം: കഴക്കൂട്ടം സൈനിക് സ്കൂളിലെ 1999 പൂർവ്വ വിദ്യാർത്ഥി ബാച്ച്, ഓൾഡ് ബോയ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പട്ടം എസ് യു ടി മൾട്ടി-സ്പെഷ്യാലിറ്റിആശുപത്രിയുടെ സഹകരണത്തോടെ സ്കൂളിലെ നിലവിലെ ജീവനക്കാർ, വിരമിച്ച ജീവനക്കാർ, അവരുടെ കുടുംബാംഗങ്ങൾ, കേഡറ്റുകൾ എന്നിവർക്കായി സമഗ്രമായ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

സ്കൂളിലെ 1972 ബാച്ച് പൂർവ്വ വിദ്യാർത്ഥിയും പട്ടം എസ് യു ടി ആശുപത്രിയുടെ സിഇഒയും എംഡി യുമായ കേണൽ രാജീവ് മണ്ണാളി മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം സ്കൂളിലെ തന്റെ വിദ്യാർത്ഥി ജീവിതത്തിലെ മനോഹരമായ ഓർമ്മകളും സൈനിക സേവനകാലത്തെ അനുഭവങ്ങളും പങ്കുവച്ചു. ആരോഗ്യരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള അദ്ദേഹം മെഡിക്കൽ ക്യാമ്പിനാവശ്യമായ സമഗ്ര ലബോറട്ടറി, ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.

1999 ബാച്ചിനെയും സംഘാടകരെയും അഭിനന്ദിച്ചുകൊണ്ട് സ്കൂൾ പ്രിൻസിപ്പൽ കേണൽ ധീരേന്ദ്ര കുമാർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

1999 ബാച്ചിനെ പ്രതിനിധീകരിച്ച് സംസാരിച്ച സംഘാടകർ, തങ്ങളുടെ ജീവിതം രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ച സ്ഥാപനത്തോടുള്ള എളിയ നന്ദി പ്രകടനമായാണ് ഈ സംരംഭത്തെ വിശേഷിപ്പിച്ചത്. കേണൽ രാജീവ് മണ്ണാളിയുടെ നേതൃത്വത്തിലുള്ള എസ് യു ടി ആശുപത്രിമെഡിക്കൽ സംഘത്തിന് നന്ദിയും അറിയിച്ചു.

വിവിധ വിഭാഗങ്ങളിലായി 12-ലധികം പ്രമുഖ വിദഗ്ധ ഡോക്ടർമാരുടെ സൗജന്യ സേവനം ക്യാമ്പിൽ ലഭ്യമാക്കി. രക്തസമ്മർദം, പ്രമേഹം എന്നിവയ്ക്കുള്ള പരിശോധനകൾ, ഒയഅ1ര ടെസ്റ്റ്, കരൾ-വൃക്ക പ്രവർത്തന പരിശോധനകൾ, ഫൈബ്രോസ്കാൻ ലിവർ സ്ക്രീനിംഗ് എന്നിവ ഉൾപ്പെടെയുള്ള വിവിധരോഗ നിർണ്ണായ സേവനങ്ങളും സൗജന്യമായി ഒരുക്കിയിരുന്നു.

1998,1999,2000 ബാച്ചുകളിലെ പൂർവവിദ്യാർത്ഥികളും അവരുടെ കുടുംബാംഗങ്ങളും സുഹൃത്തുക്കളുമായ ഡോക്ടർമാരും മെഡിക്കൽ സംഘത്തിന്റെ ഭാഗമായിരുന്നു. പരിശോധനാഫലങ്ങൾ വിശദമായി വിലയിരുത്തുന്നതിനും ആവശ്യമായ തുടർചികിത്സാ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 2026 ജൂൺ 14-ന് സൗജന്യ ഫോളോ-അപ്പ് മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നതാണ്.

മധ്യപ്രദേശിൽ കോൺഗ്രസിന് വൻ തിരിച്ചടി; രാജ്യസഭാ സ്ഥാനാർത്ഥി മീനാക്ഷി നടരാജൻെറ പത്രിക തള്ളി

ഭോപ്പാൽ: മധ്യപ്രദേശിൽ രാജ്യസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കോൺഗ്രസിന് വൻ തിരിച്ചടിയായി നാടകീയ നീക്കങ്ങൾ. കോൺഗ്രസ് സ്ഥാനാർത്ഥി മീനാക്ഷി നടരാജൻറെ നാമനിർദേശ പത്രിക റിട്ടേണിംഗ് ഓഫീസർ തള്ളി. ക്രിമിനൽ കേസ് വിവരങ്ങൾ മറച്ചുവെച്ചെന്ന ബിജെപിയുടെ പരാതിയെത്തുടർന്നാണ് നടപടി. പത്രിക തള്ളിയതോടെ സംസ്ഥാനത്തെ മൂന്ന് രാജ്യസഭാ സീറ്റുകളിലും ബിജെപിക്ക് എതിരില്ലാതെ വിജയിക്കാനാകും. മീനാക്ഷി നടരാജൻറെ സ്ഥാനാർത്ഥിത്വം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ബിജെപി നേതാക്കൾ റിട്ടേണിംഗ് ഓഫീസർക്ക് ഔദ്യോഗികമായി പരാതി നൽകിയിരുന്നു. തെലങ്കാനയിലുള്ള ഒരു കേസിൻറെ വിശദാംശങ്ങൾ കോൺഗ്രസ് നേതാവ് തൻറെ തെരഞ്ഞെടുപ്പ് സത്യവാംഗ്മൂലത്തിൽ വെളിപ്പെടുത്തിയിട്ടില്ലെന്നും, നാമനിർദേശ പത്രിക സമർപ്പിക്കുമ്പോൾ നിർബന്ധമായും നൽകേണ്ട രേഖകൾ മറച്ചുവെച്ചത് നിയമലംഘനമാണെന്നും ബിജെപി ആരോപിച്ചു. ഈ വാദം അംഗീകരിച്ചാണ് റിട്ടേണിംഗ് ഓഫീസർ പത്രിക തള്ളിയത്. അതേസമയം, ഇത് പൂർണമായും ഏകപക്ഷീയമായ നടപടിയാണെന്ന് കോൺഗ്രസ് ആരോപിച്ചു. വിഷയത്തിൽ ശക്തമായ നിയമപോരാട്ടത്തിന് ഒരുങ്ങുന്ന കോൺഗ്രസ് വൃത്തങ്ങൾ ഉടൻ തന്നെ കോടതിയെ സമീപിച്ചേക്കുമെന്നാണ് വിവരം. ഇതിന് പുറമെ കെ. സി. വേണുഗോപാലിൻറെ നേതൃത്വത്തിലുള്ള ഉന്നതതല കോൺഗ്രസ് സംഘം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനെ കണ്ട് പരാതി ബോധിപ്പിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

സബിൻ സമീദ് ഐ.എ.എസ് പി.ആർ.ഡി ഡയറക്ടർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറായി നിയമിതനായ സബിൻ സമീദ് ഐ എ എസ്

സംസ്ഥാന വിവര-പൊതുജനസമ്പർക്ക വകുപ്പ് (ഐ-പി ആർ ഡി) ഡയറക്ടറായി സബിൻ സമീദ് ഐ.എ.എസിന് പൂർണ അധിക ചുമതല നൽകി സർക്കാർ ഉത്തരവായി. നിലവിൽ ലാൻഡ് ബോർഡ് സെക്രട്ടറിയായും ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറായും സേവനമനുഷ്ഠിച്ചു വരികയാണ്.2020 ഐ.എ.എസ് ബാച്ചുകാരനായ ഇദ്ദേഹം ഡെപ്യൂട്ടി കലക്ടറായി കണ്ണൂർ, കാസർഗോഡ്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി സ്വദേശിയായ സബിൻ സമീദിന്റെ ഭാര്യ രഹ്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എക്സ്പെർട്ട് ആയി ഏണസ്റ്റ് ആൻഡ് യങ് എന്ന സ്ഥാപനത്തിൽ ജോലി നോക്കുന്നു. മകൻ സിയാൻ എട്ടാംതരം വിദ്യാർഥിയാണ്.പി ആർ ഡി സെക്രട്ടറിയുടെ ചുമതല ഡോ. രത്തൻ യു കേൽക്കർ ഐ.എ.എസിനാണ്.

അനിമേഷന് പഠനം വിസ്മയാസ് മാക്സില് മാത്രം! വിസ്മയാസ് മാക്സ് അനിമേഷന്സ് തിരുവനന്തപുരം

അനിമേഷന്, വിഷ്വല് എഫക്ട്സ്, ഈ ആധുനിക സങ്കേതങ്ങളിലെ പരിശീലനത്തിന് കഴിഞ്ഞ ഇരുപതു വര്ഷമായി മോഹന്ലാലിന്റെ ഉടമസ്ഥതയില് നിലനില്ക്കുന്ന ഇന്ത്യയ്ക്കകത്തെ ഏറ്റവും പ്രമുഖ സ്ഥാപനമാണ് വിസ്മയാസ്മാക്സ് അനിമേഷന്സ്. തികച്ചും വ്യത്യസ്തവും നൂതനവുമായ പ്രവര്ത്തനരീതികൊണ്ട് കേന്ദ്രസര്ക്കാരിന്റെ മീഡിയ ആന്റ് എന്റര്ടൈയിന്മെന്റ് വിഭാഗത്തിന്റെ അംഗീകാരമായ 'സെന്റർ ഓഫ് എക്സലന്സ്' പദവിയും വിസ്മയാസ് മാക്സിന്റെ മാറ്റ് കൂട്ടിയിട്ടുണ്ട്. വിസ്മയാസ് മാക്സില് പഠനത്തിനായി പ്രവേശിക്കുന്ന വിദ്യാര്ത്ഥികളുടെ കരിയര് സമ്പന്ധിയായ വളര്ച്ചയ്ക്കൊപ്പം വ്യക്തിത്വവികാസത്തിനും ഊന്നല് നല്കികൊണ്ടുള്ള വളരെ വിപുലമായ പാഠ്യരീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്.

ഇന്റർനാഷണല് ബ്ലെന്ഡര് ഫൗണ്ടേഷന്റെ ഇന്ത്യയിലെ കോര്പ്പറേറ്റ് ട്രെയിനറാണ് വിസ്മയാസ് മാക്സ്, മാത്രമല്ല അനിമേഷന് വിഷ്വല് എഫക്ട്സില് ആടര. , ങടര എന്നിവയോടൊപ്പം ചടഉഇ സര്ട്ടിഫിക്കറ്റ് കോഴ്സും ചേര്ത്തിട്ടുണ്ട്. ദൂരെ ദേശങ്ങളില് നിന്ന് വരുന്ന വിദ്യാര്ത്ഥികള്ക്ക് മികച്ച ലേഡീസ്, ജെന്റ്സ് ഹോസ്റ്റല് സൗകര്യവും വിസ്മയാസ് മാക്സില് ഉണ്ട്. 100% തിയറി/പ്രാക്ടിക്കല് സിലബസില് നടക്കുന്ന ക്ലാസ്സുകളില് ഒരുക്കിയിരിക്കുന്ന ഹൈ-എന്ഡ് ഡിജിറ്റല് ലാബും മോഷന് ക്യാപ്ചര് ടെക്നോളജിയും, ഫിലിം പ്രൊഡക്ഷൻ യൂണിറ്റും, സ്റ്റുഡിയോ ഫ്ലോറും ഫ്രഞ്ച് എംബസി അടക്കമുള്ള മികച്ച സ്ഥാപനങ്ങള് നല്കുന്ന ലാംഗ്വേജ് ക്ളാസ്സുകളും വിസ്മയാസ് മാക്സിന്റെ മാത്രം പ്രത്യേകതയാണ്.

ചടഉഇ, ബ്ലെന്ഡര് ഫൗണ്ടേഷന്, മീഡിയ ആന്ഡ് എന്റര്ടൈയിന്മെന്റ് സ്കില് കൗണ്സില് എന്നിവയുടെ അംഗീകാരം വിസ്മയാസ് മാക്സിലെ പഠനത്തെ കൂടുതല് ഉത്തരവാദിത്വമുള്ളതാക്കുന്നു. ഇന്ഡസ്ട്രിയിലെ ഏറ്റവും മികച്ച പ്രൊഫഷണലുകളാല് നല്കപ്പെടുന്ന 24 ത 7 ട്രെയിനിംഗ് വിദ്യാര്ത്ഥികള്ക്ക് പഠന അവസാനത്തില് തന്നെ പ്ലേസ്മെന്റ് ഉറപ്പാക്കിക്കൊടുക്കുന്നു. വര്ഷങ്ങളുടെ പ്രവര്ത്തന പരിചയം വിസ്മയാസ് മാക്സില് ജോയിന് ചെയ്യുന്ന വിദ്യാര്ത്ഥികളുടെ ഭാവി സുരക്ഷിതവും ഭദ്രവുമാക്കുന്നു.

പുതിയകാല തൊഴില് സാഹചര്യങ്ങളില് മീഡിയ, സിനിമ, അനിമേഷന്, ഗയിമിംഗ് മേഖലകളില് ഉയര്ന്ന ശമ്പളത്തോടെ തിളങ്ങാനുള്ള അതിബൃഹത്തായ അവസരമാണ് വിസ്മയാസ് മാക്സിലെ ചിട്ടയോടെയുള്ള കഠിനപരിശീലനത്തിലൂടെ കേരളത്തിലെ വിദ്യാര്ത്ഥി സമൂഹത്തിന് ലഭിക്കുന്നത്. അനിമേഷന് വിദ്യാഭ്യാസമെന്നാല് വിസ്മയാസ് മാക്സിലെ വിദ്യാഭ്യാസം എന്ന് പറയാവുന്ന രീതിയില് ഉന്നതഗുണ മേന്മയിലാണ് തിരുവനന്തപുരത്ത് പ്രവര്ത്തിക്കുന്ന ഈ മികച്ച സ്ഥാപനം.

വിസ്മയാസ്മാക്സ് അനിമേഷന്സില് ഈ അദ്ധ്യായന വര്ഷത്തെ ബി. എസ്. സി. , അനിമേഷന് & വിഷ്വല് എഫക്ട്സ് കോഴ്സിലേക്കുള്ള അഡ്മിഷന് ആരംഭിച്ചിരിക്കുന്നു. മൂന്നു വര്ഷത്തെ അന്താരാഷ്ട്ര സിലബസിലുള്ള പരിശീലനത്തിന് ഹോസ്റ്റല് സൗകര്യവും മികച്ച പ്രൊഡക്ഷന് ഇന്റേണ്ഷിപ്പ് ട്രെയിനിംഗും വിദ്യാഭ്യാസ വായ്പാ സൗകര്യവുമുണ്ട്. ഈ കോഴ്സില് ചേരുവാനായി ബന്ധപ്പെടേണ്ട ഫോണ് നമ്പര് 8281702020, 0471 2727456.ഓണ്ലൈന് ആപ്ലിക്കേഷന് ഫോമിനായി ൦൦൦. ്ശാമ്യമമാ്മഃമിശാമശേീി. രീ സന്ദര്ശിക്കുക.



പുതുവൈപ്പ് ബീച്ചിൽ ശുചീകരണം നടത്തിയ സിഎംഎഫ്ആർഐ സംഘം

പുതുവൈപ്പ് ബീച്ചിൽനിന്ന് 300 കിലോ മാലിന്യം നീക്കം ചെയ്ത് സിഎംഎഫ്ആർഐ

കൊച്ചി: ലോക സമുദ്രദിനാചരണത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐ നടത്തിയ ശുചീകരണത്തിൽ പുതുവൈപ്പ് ബീച്ചിൽ നിന്നും നീക്കം ചെയ്തത് 300 കിലോയിലേറെ മാലിന്യം.

സഞ്ചാരികളും പ്രദേശവാസികളും വൻതോതിൽ എത്തുന്ന പുതുവൈപ്പ് ബീച്ചിൽ പ്ലാസ്റ്റിക് കുപ്പികൾ, ഭക്ഷണപ്പൊതികളുടെ അവശിഷ്ടങ്ങൾ, ഉപേക്ഷിക്കപ്പെട്ട വള്ളങ്ങളുടെയും വലകളുടെയും ഭാഗങ്ങൾ തുടങ്ങിയ മാലിന്യങ്ങളാണ് അടിഞ്ഞുകൂടിയിരുന്നത്. സിഎംഎഫ്ആർഐ സംഘം ഇവ ശേഖരിക്കുകയും തരംതിരിച്ച് മാറ്റുകയും ചെയ്തു.

സിഎംഎഫ്ആർഐയുടെ മറൈൻ ബയോഡൈവേഴ്സിറ്റി എൻവയോൺമെന്റ് ആൻഡ് മാനേജ്മെന്റ് വിഭാഗത്തിലെ ജീവനക്കാരും ഗവേഷക വിദ്യാർത്ഥികളുമാണ് ശുചീകരണത്തിന് നേതൃത്വം നൽകിയത്. കടൽ മലിനീകരണത്തിനെതിരെ പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും ഉത്തരവാദിത്തത്തോടെയുള്ള മാലിന്യ സംസ്കരണ ശീലങ്ങൾ വളർത്തുകയുമായിരുന്നു ലക്ഷ്യം.

തീരദേശ പരിസ്ഥിതിക്കും കടൽ ജീവികൾക്കും പൊതുജനാരോഗ്യത്തിനും പ്ലാസ്റ്റിക് അടക്കമുള്ള സമുദ്ര മാലിന്യങ്ങൾ ഉയർത്തുന്ന ഭീഷണി അതീവ ഗുരുതരമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി.

ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസ്: പ്രതികളുമായി തിരുവനന്തപുരത്ത് പോലീസിൻെറ തെളിവെടുപ്പ്

തിരുവനന്തപുരം: ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ കസ്റ്റഡിയിലായ പ്രതികളുമായി പ്രത്യേക അന്വേഷണസംഘം തെളിവെടുപ്പ് നടത്തി. പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ തിരുവനന്തപുരം ബേക്കറി ജംഗ്ഷനിലെ വീടിന് മുന്നിലെത്തിച്ചാണ് പോലീസ് ഇന്ന് തെളിവെടുപ്പ് പൂർത്തിയാക്കിയത്.

തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി നാളെ വൈകിട്ട് അഞ്ച് മണി വരെയാണ് പ്രതികളെ പോലീസ് കസ്റ്റഡിയിൽ വിട്ടിരിക്കുന്നത്. കേസിലെ ആറാം പ്രതി കിരൺ, ഏഴാം പ്രതി അനിൽ കുമാർ, എട്ടാം പ്രതി ഷഫീഖ്, ഒൻപതാം പ്രതി ഹരീഷ് കുമാർ, പത്താം പ്രതി ദിനീത് എന്നിവരെയാണ് കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പിന് എത്തിച്ചത്. ആദ്യത്തെ അഞ്ച് പ്രതികളെ നേരത്തെ കസ്റ്റഡിയിൽ വാങ്ങി ഇതേ സ്ഥലത്ത് എത്തിച്ച് തെളിവെടുപ്പ് നടത്തിയിരുന്നു.

മുൻ മുഖ്യമന്ത്രിയും നിലവിലെ പ്രതിപക്ഷ നേതാവുമായ പിണറായി വിജയൻറെ ബേക്കറി ജംഗ്ഷനിലെ വീട്ടിൽ പരിശോധനയ്ക്കായി കൊച്ചിയിൽ നിന്നെത്തിയ ഇഡി ഉദ്യോഗസ്ഥരെയും അവർ സഞ്ചരിച്ച വാഹനങ്ങളെയുമാണ് സിപിഎം പ്രവർത്തകർ ആക്രമിച്ചത്. ഉദ്യോഗസ്ഥർ സഞ്ചരിച്ച മൂന്ന് വാഹനങ്ങൾ അണികൾ പൂർണമായി തകർത്തിരുന്നു. 'കൊല്ലടാ' എന്ന് ആക്രോഷിച്ചുകൊണ്ട് കല്ലും ആയുധങ്ങളും ഉപയോഗിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചെന്നാണ് ഇഡി ഉദ്യോഗസ്ഥർ അന്വേഷണ സംഘത്തിന് നൽകിയ മൊഴി.

സംഭവത്തിൽ കണ്ടാലറിയാവുന്ന 300 പേർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 26 പേർ അറസ്റ്റിലായെങ്കിലും 46 പേരെ പോലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. സിപിഎം ഏരിയ കമ്മിറ്റി വരെയുള്ള നേതാക്കൾക്കും പ്രവർത്തകർക്കും പുറമേ മറ്റ് മുതിർന്ന നേതാക്കൾക്ക് ഈ ആക്രമണത്തിന് പിന്നിൽ ഗൂഢാലോചനയോ പ്രേരണയോ ഉണ്ടോ എന്നാണ് പ്രത്യേക അന്വേഷണസംഘം ഇപ്പോൾ പരിശോധിക്കുന്നത്.

അന്വേഷണത്തിൽ സംസ്ഥാന ഇൻറലിജൻസിനും ആഭ്യന്തര വകുപ്പിനും ഗുരുതര വീഴ്ച പറ്റിയതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിലയിരുത്തിയിരുന്നു. ഈ സാഹചര്യത്തിൽ അതീവ ഗൗരവത്തോടെയാണ് സംസ്ഥാന പോലീസ് കേസ് അന്വേഷിക്കുന്നതും വേഗത്തിൽ കുറ്റപത്രം സമർപ്പിക്കാൻ ഒരുങ്ങുന്നതും.

സർക്കാർ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ്; യുവതിയിൽ നിന്നും പണം കവർന്നു

കൊച്ചി: എറണാകുളം വൈപ്പിനിൽ സർക്കാർ ജോലി വാഗ്ദാനം ചെയ്ത് യുവതിയിൽ നിന്നു 47,092 രൂപ തട്ടിയതായി പരാതി. സർക്കാർ ഉദ്യോഗസ്ഥൻ ആണെന്ന വ്യാജ രേഖ ചമച്ച് സമൂഹമാധ്യമങ്ങളിൽ പ്രചരണം നടത്തിയ ഇടുക്കി കട്ടപ്പന സ്വദേശി ശ്രീരാജ് ഷിബു, ജോലി തരപ്പെടുത്തി നൽകാമെന്ന് പറഞ്ഞ് ചെറായി രക്തേശ്വരി ഭാഗത്തുള്ള യുവതിയിൽ നിന്നുമാണ് പണം തട്ടിയത്.

പൊതുവിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി സൂപ്രണ്ട് ആണെന്ന് പറഞ്ഞ് സർക്കാർ മുദ്രയുള്ള രേഖകളും വ്യാജ സർക്കുലറും സർക്കാർ ഇമെയിൽ ഐഡി എന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ള വ്യാജ ഐഡിയും ഉപയോഗിച്ചാണ് പ്രതി തട്ടിപ്പിനായി യുവതിയെ സമീപിച്ചത്.

ബ്ലോക്ക് റിസോഴ്സസ് സെൻററിൻറെ കീഴിലുള്ള ഗവ. സ്കൂളിൽ സൂപ്രണ്ട് ക്വാട്ടയിൽ ജോലി വാങ്ങിത്തരാം എന്നായിരുന്നു വാഗ്ദാനം. ഇത് വിശ്വസിച്ച യുവതി ഭർത്താവിൻറെയും സഹോദരിയുടെയും ഗൂഗിൾ പേ അക്കൗണ്ടിൽ നിന്നുമാണ് പണം നൽകിയത്.

എന്നാൽ ജോലി ലഭിക്കാതെ വന്നപ്പോൾ പണം തിരികെ ചോദിച്ചു.

ഇതു നൽകാതെ വന്നതിനെ തുടർന്നാണ് പോലീസിൽ പരാതി നൽകിയത്. പോലീസ് കേസെടുത്തു അന്വേഷണം ആരംഭിച്ചിട്ടുണ്ട്. മുനമ്പം എസ്ഐ പി. എസ്. സുനിലിൻറെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്.

മുടി മുറിക്കാനെത്തിയ കുട്ടിയെ പീഡിപ്പിക്കാൻ ശ്രമം; അന്യസംസ്ഥാന തൊഴിലാളി പിടിയിൽ

കാസർഗോഡ്: മുടി മുറിക്കാനെത്തിയ രണ്ടാം ക്ലാസുകാരനെ പീഡിപ്പിക്കാൻ ശ്രമിച്ച ബാർബർ പിടിയിൽ. അന്യസംസ്ഥാന തൊഴിലാളിയായ പതിനേഴുകാരനാണ് പിടിയിലായത്.

ഞായറാഴ്ച വൈകിട്ട് കാസർഗോഡ് ചന്ദേരയിലാണ് സംഭവം. പിതാവിനൊപ്പം ബാർബർ ഷോപ്പിൽ മുടിമുറിക്കാനെത്തിയതായിരുന്നു കുട്ടി. മുടിമുറിക്കാനിരിത്തിയ ശേഷം പിതാവ് സമീപത്തെ കടയിലേക്ക് പോയി. ഈ സമയം തൊഴിലാളി കുട്ടിയെ പീഡിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു.

കുട്ടി നിലവിളിച്ച് ബഹളം വച്ചതോടെ ആളുകൾ കൂടി. കുട്ടിയുടെ പിതാവ് നാട്ടുകാരുടെ സഹായത്തോടെ പ്രതിയെ പിടികൂടിയ ശേഷം പോലീസിൽവിവരം അറിയിക്കുകയായിരുന്നു. പോക്സോ നിയമപ്രകാരം ഇയാൾക്കെതിരേ കേസെടുത്തിട്ടുണ്ട്. അതേസമയം സംഭവത്തിന് പിന്നാലെ ബാർബർ ഷോപ്പ് അടിച്ചു തകർത്തു. കടയുടെ ബോർഡുകളും പൂട്ടുമാണ് നശിപ്പിച്ചത്. സംഭവത്തിൽ കണ്ടാലറിയാവുന്ന മൂന്ന് പേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്.

വീണയുടെ കാര്യത്തിൽ നിയമം നിയമത്തിൻെറ വഴിക്ക് പോകട്ടെ: ജോൺ ബ്രിട്ടാസ്

ന്യൂഡൽഹി: മാസപ്പടിക്കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ മകൾ ടി. വീണയ്ക്ക് ഇഡി സമൻസ് അയച്ച സംഭവത്തിൽ പ്രതികരണവുമായി ജോൺ ബ്രിട്ടാസ് എംപി. വീണയുടെ കാര്യത്തിൽ നിയമം നിയമത്തിൻറെ വഴിക്ക് പോകട്ടെയെന്ന് ബ്രിട്ടാസ് പ്രതികരിച്ചു. എസ്എഫ്ഐഒയോട് അടക്കം വിവരങ്ങൾ വീണ ധരിപ്പിച്ചതാണ്. സിഎംആർഎൽ നൽകിയ രാഷ്ട്രീയ സംഭാവനങ്ങളിലും അന്വേഷണം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഈ മന്ത്രിസഭയിൽ രണ്ട് പേർ സിഎംആർഎല്ലിൽനിന്ന് പണം കൈപ്പറ്റി എന്ന് സമ്മതിച്ചതാണ്. അതുവച്ച് നോക്കുമ്പോൾ വീണ വാങ്ങിയെന്ന് പറയുന്നത് എത്രയോ ചെറിയ തുകയാണ്. സിഎംആർഎല്ലിൽനിന്ന് പണം കൈപ്പറ്റിയവർ ഇത് രേഖാമൂലം തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

കോതമംഗലം എസ്എച്ച്ഒയ്ക്കെതിരായ ഭീഷണി: അർജുൻ ആയങ്കിയുടെ ജാമ്യം റദ്ദാക്കണമെന്ന് റിപ്പോർട്ട് സമർപ്പിച്ച് പോലീസ്

കൊച്ചി: കോതമംഗലം എസ്എച്ച്ഒയ്ക്കെതിരായി വധഭീഷണി മുഴക്കിയ അർജുൻ ആയങ്കിയുടെ ജാമ്യം റദ്ദാക്കണമെന്ന് പോലീസ്. അർജുൻ ആയങ്കിക്ക് മുമ്പ് അനുവദിച്ച ജാമ്യവ്യവസ്ഥകൾ ലംഘിച്ചുവെന്ന് കാട്ടി കോതമംഗലം പോലീസ് മജിസ്ട്രേറ്റ് കോടതിയിൽ റിപ്പോർട്ട് നൽകി.

അർജുൻ ആയങ്കിയുടെ ഭീഷണി പോസ്റ്റിൽ പോലീസ് നേരത്തെ കേസ് എടുത്തിരുന്നു. ഇക്കഴിഞ്ഞ മേയ് മൂന്നിന് നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ അർജുൻ ആയങ്കി അടക്കം അഞ്ചു പേരെ കോതമംഗലം പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഈ കേസിൽ കോടതിയിൽ നിന്ന് ജാമ്യം നേടി പുറത്തിറങ്ങിയതിന് പിന്നാലെയാണ് അർജുൻ ആയങ്കി സമൂഹമാധ്യമങ്ങളിലൂടെ പോലീസിനെതിരെ രംഗത്തെത്തിയത്.

കോതമംഗലം സിഐ പ്രശാന്തിനെ വ്യക്തിപരമായി ലക്ഷ്യമിട്ടുള്ള പോസ്റ്റിൽ, പോലീസ് ഉദ്യോഗസ്ഥനെതിരെ കടുത്ത ഭാഷയിൽ ഭീഷണി മുഴക്കുകയായിരുന്നു. ജോലിയിൽ നിന്ന് വിരമിച്ച ശേഷം സമാധാനമായി പെൻഷൻ വാങ്ങി ശിഷ്ടജീവിതം നയിക്കാൻ സിഐയെ അനുവദിക്കില്ലെന്ന് ആയങ്കി പോസ്റ്റിൽ വ്യക്തമാക്കിയിരുന്നു.

തനിക്ക് നേരിടേണ്ടി വന്ന ഓരോ ദിവസത്തെയും ബുദ്ധിമുട്ടുകൾക്ക് കൃത്യമായി കണക്കുചോദിക്കുമെന്നും പോസ്റ്റിൽ മുന്നറിയിപ്പുണ്ടായിരുന്നു. ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ സമൂഹമാധ്യമങ്ങൾ വഴി പരസ്യമായി വധഭീഷണിക്ക് സമാനമായ പോസ്റ്റിട്ടത് ജാമ്യവ്യവസ്ഥകളുടെ ലംഘനമാണെന്ന് പോലീസ് കോടതിയിൽ നൽകിയ റിപ്പോർട്ടിൽ പറയുന്നു.

കോടതി നിർദേശങ്ങൾ ലംഘിച്ച് വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട പശ്ചാത്തലത്തിൽ പ്രതിയുടെ ജാമ്യം അടിയന്തരമായി റദ്ദാക്കണമെന്നാണ് പോലീസിൻറെ ആവശ്യം. ഇതിനു പുറമെ പുതുതായി രജിസ്റ്റർ ചെയ്ത ഐടി ആക്ട് പ്രകാരമുള്ള കേസിലും പോലീസ് നടപടികൾ വേഗത്തിലാക്കുമെന്നാണ് വിവരം.

കാലവർഷം വ്യാപിക്കുന്നു, ഒപ്പം ന്യൂനമർദപാത്തിയും; മഴ തീവ്രമാകും, മൂന്നിടത്ത് റെഡ് അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യത. കേരളത്തിലും മാഹിയിലും ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്കും വെള്ളിയാഴ്ച വരെ ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ പ്രവചനം. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് റെഡ്, ഓറഞ്ച്, യെല്ലോ അലർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. അതിതീവ്രമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. അതേസമയം, മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് അലർട്ടാണ്. ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്.

കൂടാതെ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. ബുധൻ, വ്യാഴം ദിവസങ്ങളിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും വെള്ളിയാഴ്ച എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

മധ്യ-പടിഞ്ഞാറൻ മധ്യ-കിഴക്കൻ അറബിക്കടലിൻറെ കൂടുതൽ ഭാഗങ്ങൾ, മഹാരാഷ്ട്ര, കർണാടക, ആന്ധ്രാപ്രദേശ് എന്നിവടങ്ങളിലെ കൂടുതൽ പ്രദേശങ്ങൾ, കൂടാതെ തെലുങ്കാനയുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലേക്ക് വ്യാപിച്ചു. ഇന്ത്യൻ മേഖലയ്ക്ക് മുകളിലായി ഒരു ന്യൂനമർദ പാത്തി സ്ഥിതിചെയ്യുന്നു. കൊങ്കൺ തീരത്തിന് സമീപം മധ്യ-കിഴക്കൻ അറബിക്കടലിന് മുകളിലായി ചക്രവാതച്ചുഴിയും സ്ഥിതിചെയ്യുന്നുണ്ട്. ഇവയുടെ സ്വാധീനഫലമായാണ് മഴ ശക്തമാകുന്നത്.

കാലവർഷം വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ബാക്കി ഭാഗങ്ങളിലേക്കും, സിക്കിം സംസ്ഥാനത്ത് പൂർണമായും, പശ്ചിമ ബംഗാളിൻറെ ഉപ-ഹിമാലയൻ പ്രദേശങ്ങളുടെ ചില ഭാഗങ്ങളിലേക്കും ഇന്ന് പ്രവേശിച്ചു.

വടക്കൻ കർണാടകയുടെ ഉൾപ്രദേശങ്ങൾക്കും അതിൻറെ സമീപ പ്രദേശങ്ങൾക്കും മുകളിലായി ചക്രവാതച്ചുഴി നിലനിൽക്കുന്നു. ഇവയുടെ സ്വാധീനഫലമായാണ് മഴ ശക്തമാകുന്നത്.

അതേസമയം, കേരള -ലക്ഷദീപ് - കർണാടക തീരങ്ങളിൽ ഇന്നും ബുധനാഴ്ചയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്നും ബുധനാഴ്ചയും കേരള -ലക്ഷദീപ് - കർണാടക തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

ഷിഗല്ല രോഗബാധ: കുടിവെള്ളം പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഷിഗല്ല രോഗബാധ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനായി അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പിൻറെ നിർദേശം. പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ശക്തിപ്പെടുത്തണമെന്ന് ആരോഗ്യ മന്ത്രി അറിയിച്ചു.

കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനുമായി സർക്കാർ അടിയന്തര ഇടപെടലുകൾ നടത്തിവരികയാണ്. ആരോഗ്യ വകുപ്പിൻറെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങൾ പൂർണ സഹകരണവും പിന്തുണയും നൽകണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

മലിനജലത്തിലൂടെയും മലിനമായ ഭക്ഷണത്തിലൂടെയുമാണ് ഷിഗല്ല ബാക്ടീരിയ പ്രധാനമായും പകരുന്നത്. വയറിളക്കം, പനി, വയറുവേദന, ഛർദ്ദി എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേക ശ്രദ്ധ പുലർത്തണം.

രോഗലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ സമീപത്തെ ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടണം. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക, കൈകൾ സോപ്പുപയോഗിച്ച് ഇടയ്ക്കിടെ കഴുകുക, ഭക്ഷണ ശുചിത്വം ഉറപ്പാക്കുക തുടങ്ങിയ മുൻകരുതലുകൾ കർശനമായി പാലിക്കണമെന്നും മന്ത്രി നിർദേശിച്ചു.

രോഗവ്യാപനം തടയുന്നതിനാവശ്യമായ എല്ലാ പ്രതിരോധ നടപടികളും സർക്കാർ ശക്തമായി സ്വീകരിച്ചുവരികയാണ്. ആശുപത്രികളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ ജാഗ്രതയും കൂട്ടായ പരിശ്രമവും വഴി രോഗവ്യാപനം ഫലപ്രദമായി തടയാനാകുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

കണ്ണൂരിൽ കെട്ടിടം തകർന്നു വീണു; ഒഴിവായത് വൻ ദുരന്തം

കണ്ണൂർ: കനത്ത മഴയിൽ തളാപ് എൽഐസി റോഡിന് സമീപം പഴയ കെട്ടിടത്തിൻറെ ഒരു വശവും മതിലും പൂർണമായും തകർന്നു വീണു. ആളുകൾ സ്ഥിരമായി നടന്നു പോകുന്ന റോഡിലേക്കാണ് അവശിഷ്ടങ്ങൾ പതിച്ചത്. അപകടസമയത്ത് റോഡിൽ ആരും ഇല്ലാതിരുന്നതിനാൽ വലിയ ദുരന്തം ഒഴിവായി. മുമ്പ് എംകെബിടി പമ്പ് പ്രവർത്തിച്ചിരുന്ന, നിലവിൽ ആരും താമസമില്ലാത്ത പഴയ കെട്ടിടത്തിൻറെ ഭാഗമാണ് തകർന്നു വീണത്.റോഡിന് കുറുകെ കടന്നുപോകുന്ന നിരവധി കെട്ടിട കേബിളുകൾക്കും കെഎസ്ഇബി ലൈനുകൾക്കും മുകളിലേക്കാണ് അവശിഷ്ടങ്ങൾ പതിച്ചത്. എന്നാൽ അപകടത്തിന് മുമ്പ് തന്നെ കെഎസ്ഇബി ഈ ലൈനിലെ പവർ ഓഫ് ചെയ്തിരുന്നതിനാൽ ഷോക്കേൽക്കാനുള്ള സാധ്യത ഒഴിവായി. കെഎസ്ഇബി ജീവനക്കാർ സ്ഥലത്തെത്തി ലൈനുകൾ അറുത്തുമാറ്റി.തുടർന്ന് ഫയർഫോഴ്സ് സംഘം സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷം ജെസിബി ഉപയോഗിച്ച് കല്ലും മണ്ണും റോഡിൽ നിന്ന് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചു. സിപിഎമ്മിൻറെയുംയും കോൺഗ്രസിൻറെയും ജില്ലാ കമ്മിറ്റി ഓഫീസുകൾക്ക് നടുവിലുള്ള പ്രദേശത്താണ് ഈ പോക്കറ്റ് റോഡ് സ്ഥിതി ചെയ്യുന്നത്.

കണ്ണൂരിൽ ശക്തമായ മഴ; മതിലും കെട്ടിടവും തകർന്നുവീണു

കണ്ണൂർ: റെഡ് അലർട്ട് പ്രഖ്യാപിച്ച കണ്ണൂരിൽ രാവിലെ മുതൽ ശക്തമായ മഴ തുടരുകയാണ്. ജില്ലയുടെ മിക്ക ഭാഗങ്ങളിലും കനത്ത മഴ പെയ്യുകയാണ്. പലയിടത്തും നാശനഷ്ടങ്ങളും അപകടസംഭവങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പയ്യാമ്പലം ബീച്ച് മേഖലയിൽ ശക്തമായ തിരമാലയെ തുടർന്ന് കടൽ കാണാനെത്തിയ സഞ്ചാരികളെ ഒഴിപ്പിച്ചു. തളാപ്പിൽ കെട്ടിടം ഇടിഞ്ഞുവീണു. പഴയ കെട്ടിടത്തിൻറെ മേൽക്കൂരയുൾപ്പെടെ ഇടിഞ്ഞ് റോഡിലേക്ക് വീഴുകയായിരുന്നു. ആർക്കും പരിക്കില്ല.കണ്ണൂരിലെ ബല്ലാർഡ് റോഡിലും സമീപത്തെ കടകളിലും വെള്ളം കയറി. ഓടകൾ നിറഞ്ഞുകവിഞ്ഞു. ശക്തമായ മഴയിൽ നഗരത്തിൽ പലയിടത്തും വെള്ളക്കെട്ട് തുടരുന്ന സ്ഥിതിയാണുള്ളത്.

എഐസി–കുഫോസ് കൊച്ചി ഫൗണ്ടേഷനിൽ വിവിധ ഒഴിവുകൾ; അപേക്ഷ ക്ഷണിച്ചു

കൊച്ചി: അടൽ ഇന്നവേഷൻ മിഷൻ (അകങ), നീതി ആയോഗിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന എഐസി-കുഫോസ് കൊച്ചി ഫൗണ്ടേഷൻ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഇൻക്യൂബേഷൻ മാനേജർ: 1 ഒഴിവ്, യോഗ്യത; മാനേജ്മെന്റ് / ടെക്നോളജി/ എന്റർപ്രെനെർഷിപ്/ അനുബന്ധ മേഖലയിൽ ബിരുദാനന്തര ബിരുദം, 3 വർഷത്തെ പ്രവൃത്തി പരിചയം. പ്രായപരിധി: 40 വയസ്സ്

ടെക്നിക്കൽ മാനേജർ: 1 ഒഴിവ്, ഫിഷറീസ് അല്ലെങ്കിൽ അനുബന്ധ മേഖലയിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ എം ടെക്. ഏതെങ്കിലും സ്റ്റാർട്ടപ്പിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയം. പിഎച്ച്ഡി ഉള്ളവർക്ക് മുൻഗണന.

അഡ്മിൻ & അക്കൗണ്ട്സ് ഓഫീസർ: 1 ഒഴിവ്, ഏതെങ്കിലും വിഷയത്തിൽ ബിരുദവും സർക്കാർ/ ഇൻക്യൂബെഷൻ സ്ഥാപനത്തിൽ 10 വർഷത്തെ പ്രവൃത്തി പരിചയം അല്ലെങ്കിൽ MBA/ MCom ഉം 5 വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ഇഅ/ഇട ഉം 2 വർഷത്തെ പ്രവൃത്തി പരിചയവും.

പ്രോഗ്രാം അസോസിയേറ്റ്: 2 ഒഴിവ്, ഫിഷറീസ് സയൻസ്/ ഫുഡ് സയൻസ്/ അനുബന്ധ മേഖലയിൽ ബിരുദാനന്തര ബിരുദവും 1 വർഷത്തെ പ്രവൃത്തി പരിചയവും.

താൽപര്യമുള്ള ഉദ്യോഗാർഥികൾക്ക് 2026 ജൂൺ 11 വരെ അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾ റിക്രൂട്ട്മെന്റ് പോർട്ടലിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനും സന്ദർശിക്കുക: https: //bit. ly/aic-kufos-recruitment

നവകേരള യാത്ര: മുൻ മുഖ്യമന്ത്രിയുടെ ഗൺമാൻമാർക്കും പോലീസുകാർക്കും മുൻകൂർ ജാമ്യം

ആലപ്പുഴ: നവകേരള യാത്രയ്ക്കിടെ കെഎസ്യ - യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ച കേസിൽ മുൻ മുഖ്യമന്ത്രിയുടെ ഗൺമാൻമാർക്ക് വൻ ആശ്വാസം.

കേസിലെ അഞ്ച് പ്രതികൾക്കും ആലപ്പുഴ ജില്ലാ സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചു.

മുൻ മുഖ്യമന്ത്രിയുടെ ഗൺമാൻ അനിൽ കുമാർ, പോലീസുകാരായ എസ്. സന്ദീപ്, അരുൺ, വിപിൻ, ഷൈജു എന്നിവർക്കാണ് കോടതി ജാമ്യം നൽകിയത്. കേസിൽ മൂന്ന് ദിവസം നീണ്ടുനിന്ന വാദപ്രതിവാദങ്ങൾക്ക് ഒടുവിലാണ് കോടതി പ്രതികൾക്ക് അനുകൂലമായി ഉത്തരവ് പുറപ്പെടുവിച്ചത്.

നവകേരള സദസിനിടെ ആലപ്പുഴയിൽ കരിങ്കൊടി കാണിച്ച പ്രതിഷേധക്കാർക്ക് നേരെ ഗൺമാൻമാരും പോലീസുകാരും ചേർന്ന് ക്രൂരമായ മർദനം അഴിച്ചുവിട്ടെന്നാണ് കേസ്.

ഈ സംഭവത്തിൽ വലിയ രാഷ്ട്രീയ പ്രതിഷേധങ്ങൾ ഉയർന്നിരുന്നു.

എംഎൽഎമാരുടെ വ്യാജ ഒപ്പ് കേസ്: മുൻ മുഖ്യമന്ത്രി മമത ബാനർജിയുടെ വസതിയിൽ സിഐഡി പരിശോധന

കോൽക്കത്ത: തൃണമൂൽ കോൺഗ്രസ് എംഎൽഎമാരുടെ വ്യാജ ഒപ്പിട്ടെന്ന പരാതിയുമായി ബന്ധപ്പെട്ട് മുൻ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ കോൽക്കത്തയിലെ വസതിയിൽ പശ്ചിമ ബംഗാൾ പോലീസിൻറെ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെൻറ് (സിഐഡി) പരിശോധന നടത്തി. ഹരീഷ് ചാറ്റർജി സ്ട്രീറ്റിലെ 30ബി വസതിയിലാണ് സിഐഡി ഉദ്യോഗസ്ഥരെത്തി തെരച്ചിൽ നടത്തിയത്.ഈ വിലാസം തൃണമൂൽ കോൺഗ്രസിൻറെ പാർട്ടി ഓഫീസായാണ് ഉപയോഗിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയാണ് സിഐഡി സംഘം പരിശോധനയ്ക്ക് അനുമതി തേടിയത്. തുടർന്ന് പാർട്ടി ഭാരവാഹികളും ഉദ്യോഗസ്ഥരും തമ്മിൽ മിനിറ്റുകളോളം നീണ്ട തർക്കത്തിനൊടുവിൽ സിഐഡി സംഘം മമതയുടെ വസതിക്ക് ഉള്ളിലേക്ക് പ്രവേശിച്ചു.

മമത ബാനർജിയും പാർട്ടി ജനറൽ സെക്രട്ടറി അഭിഷേക് ബാനർജിയും നിലവിൽ വീട്ടിൽ ഇല്ലെന്നും അതിനാൽ പരിശോധന അനുവദിക്കാനാകില്ലെന്നും മുൻ ടിസിഎം എംപി സുഭാശിഷ് ചക്രവർത്തി പറഞ്ഞു. ഇരുവരും തിരിച്ചെത്തിയ ശേഷം ഒന്നോ രണ്ടോ ദിവസത്തിന് ശേഷം വരാൻ അദ്ദേഹം ആവശ്യപ്പെട്ടെങ്കിലും സിഐഡി ഉദ്യോഗസ്ഥർ ഇത് തള്ളുകയും, സുഭാശിഷ് ചക്രവർത്തി അന്വേഷണം തടസപ്പെടുത്തുകയാണെന്ന് കുറ്റപ്പെടുത്തുകയും ചെയ്തു.

നിയമസഭയിലെ പ്രതിപക്ഷ നേതാവായി ശോഭൻദേബ് ചതോപാധ്യായയെ നാമനിർദ്ദേശം ചെയ്തുകൊണ്ട് മേയ് 20-ന് സ്പീക്കർക്ക് നൽകിയ കത്തിൽ തങ്ങളുടെ ഒപ്പുകൾ വ്യാജമായി രേഖപ്പെടുത്തിയതാണെന്ന് ആരോപിച്ച് പാർട്ടി എംഎൽഎമാരായ ഋതബ്രത ബാനർജിയും സന്ദീപൻ സാഹയും രംഗത്തെത്തിയിരുന്നു. തുടർന്ന് ഇവരെ പാർട്ടിയിൽ നിന്ന് പുറത്താക്കുകയും ചെയ്തിരുന്നു.

ഈ പരാതിയുടെ അടിസ്ഥാനത്തിൽ കോൽക്കത്തയിലെ ഹരേ സ്ട്രീറ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത എഫ്ഐആർ പിന്നീട് സിഐഡിക്ക് കൈമാറുകയായിരുന്നു. വിവാദ കത്തിൽ ഒപ്പുവെച്ച പാർട്ടി ജനറൽ സെക്രട്ടറി അഭിഷേക് ബാനർജിക്ക് സിഐഡി നിരവധി തവണ സമൻസ് അയച്ചിരുന്നെങ്കിലും ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി അദ്ദേഹം ഹാജരായിരുന്നില്ല.

അന്താരാഷ്ട്ര ആർക്കൈവ് സ് വാരാഘോഷം സംസ്ഥാന തല ഉദ്ഘാടനം നാളെ

കേരള സംസ്ഥാന പുരാരേഖ വകുപ്പിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര ആർക്കൈവ്സ് വാരാഘോഷം സംസ്ഥാനതല ഉദ്ഘാടനം ജൂൺ 10 ന് രാവിലെ 11 മണിക്ക് പുരാരേഖ വകുപ്പ് മന്ത്രി ഒ ജെ ജനീഷ് നിർവഹിക്കും. തിരുവനന്തപുരം സെൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ അധ്യക്ഷത വഹിക്കും.

നീതിക്കായുള്ള പുരാരേഖകൾ: അവകാശങ്ങൾ, ഓർമ, ഭാവി എന്നതാണ് ഈ വർഷത്തെ ആർക്കൈവ്സ് വാരാഘോഷത്തിന്റെ പ്രമേയം. സാമൂഹിക വികാസത്തിന്റെ ഭാഗമായി എഴുത്തുകളുടെയും രേഖകളുടെയും ശേഖരണവും സംരക്ഷണവും ഉറപ്പാക്കുന്നതിനായാണ് ദിനാചരണം. ലോകമെമ്പാടുമുള്ള ആർക്കൈവുകളുടെ പ്രവർത്തനങ്ങളും അവയുടെ സാമൂഹിക പ്രസക്തിയും ജനങ്ങളിലേക്ക് എത്തിക്കുകയാണ് വാരാഘോഷത്തിന്റെ ലക്ഷ്യം.

ചടങ്ങിൽ സംസ്ഥാന പുരാരേഖ വകുപ്പ് ഡയറക്ടർ പാർവതി എസ് സ്വാഗതം ആശംസിക്കും. സാംസ്കാരിക വകുപ്പ് ജോയിന്റ് സെക്രട്ടറി രജനി എം, വാർഡ് കൗൺസിലർ ഷേർളി എസ്, സംസ്ഥാന പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ, മ്യൂസിയം, മൃഗശാല വകുപ്പ് ഡയറക്ടർ പി. എൻ. മഞ്ജുളാദേവി, സെൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ഫാ. ജെറോം അൽഫോൻസ്, പ്രിൻസിപ്പൽ ഡോ. സുനിൽകുമാർ മോറായിസ് സി, ഹെഡ്മാസ്റ്റർ നിധീഷ് സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിക്കും. ആർക്കിവിസ്റ്റ് നിജ ആർ. നന്ദി അറിയിക്കും. പരിപാടിയുടെ ഭാഗമായി ആർക്കൈവ്സ് മേഖലയിലെ പ്രദർശനങ്ങളും ചർച്ചകളും ചരിത്ര ക്വിസും സംഘടിപ്പിക്കും.

ജനങ്ങളോട് ചോദിക്കാം എവിടെയാണ് പിഴച്ചതെന്ന്; തിരുത്തൽ പാതയിലേക്ക് സിപിഎം

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിലെ ദയനീയ തോൽവിയിൽ പാഠം ഉൾക്കൊണ്ട് സിപിഎം. സ്വയംതിരുത്തലിനായി ജനങ്ങളുടെ അഭിപ്രായം തേടാൻ പാർട്ടി തീരുമാനിച്ചതായി സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പറഞ്ഞു. കനത്ത പരാജയം മുൻകൂട്ടി കാണുന്നതിൽ പാർട്ടി സംസ്ഥാന കമ്മിറ്റിക്ക് വീഴ്ചപറ്റിയെന്ന വിമർശനം അദ്ദേഹം പരസ്യമായി സമ്മതിച്ചു. നിലവിലെ വെല്ലുവിളികൾ എന്താണെന്ന് പാർട്ടി അനുഭാവികളും പൊതുസമൂഹവും നിർദേശിക്കണം. അതിനായി 7999477168 എന്ന വാട്സ്ആപ്പ് നമ്പരും ധലാമശഹ ്യ്രീലേരലേപ എന്ന മെയിൽ ഐഡിയും ഉപയോഗപ്പെടുത്താമെന്നും അദ്ദേഹം പറഞ്ഞു. ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന വലതുപക്ഷ സ്വാധീനം കേരളത്തിലെ ചിന്താമണ്ഡലത്തെയും ബാധിച്ചിട്ടുണ്ട്. എൽഡിഎഫ് സർക്കാരിൻറെ പ്രവർത്തനങ്ങൾ പൊതുവേ ജനങ്ങൾക്കിടയിൽ സ്വീകാര്യത നേടിയിട്ടുണ്ട്. എന്നാൽ പരമ്പരാഗത മേഖലകളിലെ ചില പ്രശ്ങ്ങൾ പൂർണമായി പരിഹരിക്കാൻ സാധിക്കാത്തത് ജനങ്ങളിൽ അസംതൃപ്തിയുണ്ടാക്കിയിട്ടുണ്ട്.

താഴെത്തട്ടിൽ നടത്തിയ പരിശോധനകളിൽ ഈ അസംതൃപ്തി തെരഞ്ഞെടുപ്പിൽ തിരിച്ചടിയായതായി പാർട്ടി കണ്ടെത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 30 മണ്ഡലങ്ങളിൽ ബിജെപി വോട്ടുകൾ യുഡിഎഫിന് ലഭിച്ചെന്നും മൂന്നിടത്ത് ബിജെപി ജയിച്ചത് ഗൗരവമേറിയ വിഷയമാണെന്നും എം. വി. ഗോവിന്ദൻ പറഞ്ഞു.

തമിഴക രാഷ്ട്രീയത്തിൽ വീണ്ടും ട്വിസ്റ്റ്; വിമതരെ തൊടാനാകില്ലെന്ന് സ്പീക്കർ

ചെന്നൈ: വിശ്വാസ വോട്ടെടുപ്പിൽ മുഖ്യമന്ത്രി വിജയ്ക്ക് അനുകൂലമായി വോട്ട് ചെയ്ത എഐഎഡിഎംകെ വിമത എംഎൽഎമാരെ അയോഗ്യരാക്കണമെന്ന ആവശ്യം സ്പീക്കർ ജെ. സി. ഡി. പ്രഭാകർ തള്ളി. എഐഎഡിഎംകെയിലെ മുതിർന്ന നേതാക്കളായ ഷൺമുഖം, എസ്. പി. വേലുമണി എന്നിവരുടെ നേതൃത്വത്തിലുള്ള 25 എംഎൽഎമാരാണ് കൂറുമാറിയത്. പാർട്ടി വിപ്പ് ലംഘിച്ചെന്നും ഇവരെ പുറത്താക്കണമെന്നും ആവശ്യപ്പെട്ട് എഐഎഡിഎംകെ ജനറൽ സെക്രട്ടറി എടപ്പാടി കെ. പളനിസ്വാമി സമീപിക്കുകയായിരുന്നു.

എന്നാൽ വോട്ടെടുപ്പിനു ശേഷം വിമതരിൽ അഞ്ച് എംഎൽഎമാർ തിരികെ ഇപിഎസ് ക്യാമ്പിലേക്ക് മടങ്ങിയതോടെ നിലവിൽ പളനിസ്വാമിയെ പിന്തുണയ്ക്കുന്നവരുടെ എണ്ണം 27 ആയി ഉയർന്നിട്ടുണ്ട്.

നിയമപ്രകാരം മറ്റൊരു പാർട്ടിയിൽ ലയിക്കണമെങ്കിൽ നിയമസഭാ കക്ഷിയിലെ മൂന്നിൽ രണ്ട് അംഗങ്ങളുടെ പിന്തുണ വേണം. എഐഎഡിഎംകെയുടെ കാര്യത്തിൽ ഇതിന് 31 എംഎൽഎമാരുടെ പിന്തുണ ആവശ്യമാണ്. നിലവിൽ വിമതർക്ക് ആ സംഖ്യ തികയ്ക്കാനായിട്ടില്ല.

എങ്കിലും ഇരുവിഭാഗവും പരസ്പരം അയോഗ്യരാക്കണമെന്ന് ആവശ്യപ്പെട്ട് സ്പീക്കറെ സമീപിക്കുകയായിരുന്നു. ഇതിൽ വിജയ്യെ പിന്തുണച്ച 21 പേർക്കെതിരെയുള്ള ഹർജിയാണ് സ്പീക്കർ ഇപ്പോൾ തള്ളിയത്.

ജോലിഭാരം; മുഹമ്മദ് സിറാജിന് വിശ്രമം

ന്യൂഡൽഹി: വരാനിരിക്കുന്ന അയർലൻഡ്, ഇംഗ്ലണ്ട് പര്യടനങ്ങൾക്കുള്ള ഇന്ത്യൻ ടീമിൽ പേസർ പ്രസിദ്ധ് കൃഷ്ണയെ ഉൾപ്പെടുത്തി. ജോലിഭാരം കണക്കിലെടുത്ത് മുൻനിര പേസർ മുഹമ്മദ് സിറാജിന് ബിസിസിഐ വിശ്രമം അനുവദിച്ചതിനെ തുടർന്നാണ് ഈ മാറ്റം.ബിസിസിഐ മെഡിക്കൽ ടീമിൻറെയും ടീം മാനേജ്മെൻറിൻറെയും ചർച്ചകൾക്ക് ശേഷമാണ് തീരുമാനമെന്ന് ബിസിസിഐ വാർത്താക്കുറിപ്പിൽ അറിയിച്ചു. വരാനിരിക്കുന്ന നീണ്ട അന്താരാഷ്ട്ര ക്രിക്കറ്റ് സീസണിന് മുന്നോടിയായി സിറാജിന് മതിയായ വിശ്രമം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു മുൻകരുതൽ നടപടിയാണിത്.

പരിക്കുകൾ ഒഴിവാക്കാനും പ്രകടനക്ഷമത നിലനിർത്താനും വേണ്ടിയാണ് മാനേജ്മെൻറിൻറെ ഈ നീക്കം.

വെള്ളാപ്പള്ളിക്കെതിരെ രൂക്ഷവിമർശനവുമായി പി. ജയരാജൻ; 'രണ്ടു തോണിയിൽ കാൽവെക്കുന്ന നിലപാട് തിരിച്ചറിയണം'

തിരുവനന്തപുരം: എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെതിരെ കടുത്ത രാഷ്ട്രീയ വിമർശനവുമായി സിപിഎം സംസ്ഥാന സമിതി അംഗം പി. ജയരാജൻ. വെള്ളാപ്പള്ളി നടേശൻ രണ്ട് തോണിയിൽ കാൽവെച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിക്കുന്നതെന്നും അദ്ദേഹത്തിൻറെ ഈ ബഹുമുഖ വേഷം കേരളീയ സമൂഹം തിരിച്ചറിയണമെന്നും ജയരാജൻ ആവശ്യപ്പെട്ടു. തിരുവനന്തപുരത്ത് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻറെ സാംസ്കാരിക വിഭാഗമായ 'രചന' സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എസ്എൻഡിപി ജനറൽ സെക്രട്ടറിയായിരിക്കെത്തന്നെ അന്നത്തെ സർക്കാർ രൂപീകരിച്ച നവോത്ഥാന സമിതിയുടെ നായകസ്ഥാനത്ത് വെള്ളാപ്പള്ളി വന്നിരുന്നു. എന്നാൽ, പിന്നീട് മകനെ ബിഡിജെഎസിൻറെ ജനറൽ സെക്രട്ടറിയാക്കി സംഘപരിവാർ ശക്തികൾക്കൊപ്പം നിർത്തി. വെള്ളാപ്പള്ളിയുടെ ഭാര്യ പ്രീതി നടേശൻ ബിജെപി സ്ഥാനാർത്ഥികളെ വെളുപ്പിച്ചെടുക്കാൻ വേണ്ടി നടക്കുകയാണെന്നും ജയരാജൻ കുറ്റപ്പെടുത്തി. ശ്രീനാരായണീയ പ്രസ്ഥാനങ്ങളുടെ തലപ്പത്തിരിക്കുന്നവർ ഇന്ന് ശ്രീനാരായണ ദർശനങ്ങൾക്ക് വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പി. ജയരാജൻ രചിച്ച 'സനാതനികളുടെ ഹിന്ദുത്വ വഴികൾ' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള ചർച്ചയിലാണ് വെള്ളാപ്പള്ളിക്കും കുടുംബത്തിനുമെതിരെ അദ്ദേഹം ആഞ്ഞടിച്ചത്.

നീറ്റ് പുനഃപരീക്ഷ: മന്ത്രാലയങ്ങളിലെയും എൻടിഎയിലെയും ഉന്നത ഉദ്യോഗസ്ഥർ നാളെ പാർലമെൻററി സമിതിക്ക് മുന്നിൽ ഹാജരാകും

ന്യൂഡൽഹി: ജൂൺ 21-ന് നടക്കാനിരിക്കുന്ന നീറ്റ് യുജി പുനഃപരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ-വിദ്യാഭ്യാസ മന്ത്രാലയങ്ങളിലെയും നാഷണൽ ടെസ്റ്റിംഗ് ഏജൻസി, നാഷണൽ മെഡിക്കൽ കമ്മീഷൻ എന്നിവയിലെയും ഉന്നത ഉദ്യോഗസ്ഥർ ബുധനാഴ്ച പാർലമെൻററി ആരോഗ്യ സമിതിക്ക് മുന്നിൽ ഹാജരാകും. പരീക്ഷാ നടത്തിപ്പിൻറെ വിശദാംശങ്ങൾ ഉദ്യോഗസ്ഥർ സമിതിയെ ബോധ്യപ്പെടുത്തും.

വിഷയവുമായി ബന്ധപ്പെട്ട് മന്ത്രാലയങ്ങളിലെയും എൻടിഎയിലെയും ഉന്നത ഉദ്യോഗസ്ഥർ ഹാജരാകുന്ന മൂന്നാമത്തെ പാർലമെൻററി സമിതിയാണിത്. നീറ്റ് പരീക്ഷാ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ജൂൺ 21-നാണ് പുനഃപരീക്ഷ നിശ്ചയിച്ചിരിക്കുന്നത്.

തമിഴകത്ത് ഇനി സിങ്കപ്പെൺപടൈക്കാലം; വനിതാ സുരക്ഷാ സേനയെ നാടിന് സമർപ്പിച്ചു

ചെന്നൈ: സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി തമിഴനാട്ടിൽ സിങ്കപ്പെൺപ്പടൈ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചു. മുഖ്യമന്ത്രി സി. ജോസഫ് വിജയ് ഫോഴ്സിനെ നാടിന് സമർപ്പിച്ചു. പ്രത്യേക വാഹനങ്ങളും സേനയുടെ ഹോളോഗ്രാമും മുഖ്യമന്ത്രി പുറത്തിറക്കി.സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ദ്രുതഗതിയിൽ പ്രതികരിക്കുന്നതിനുമായി രൂപീകരിച്ച സ്ത്രീകൾ മാത്രമുള്ള പ്രത്യേക പോലീസ് സേനയാണിത്. ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് കെ. ഭവാനിശ്വരിയാണ് ഈ പ്രത്യേക സേനയ്ക്ക് നേതൃത്വം നൽകുന്നത്.മുഖ്യമന്ത്രിയായി ചുമതലയേറ്റയുടൻ സി. ജോസഫ് വിജയ് ഒപ്പുവെച്ച ആദ്യ ഉത്തരവുകളിൽ ഒന്നായിരുന്നു ഈ പ്രത്യേക സേനയുടെ രൂപീകരണം. സൈബർ ക്രൈം വിഭാഗം, സോഷ്യൽ മീഡിയ സെൽ, ഇൻറലിജൻസ് വിംഗ്, തമിഴ്നാട് സ്പെഷ്യൽ പോലീസ് ബറ്റാലിയനുകൾ എന്നിവയിൽ നിന്നുള്ള തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരെയാണ് ഈ ഫോഴ്സിലേക്ക് നിയോഗിച്ചിരിക്കുന്നത്. 18 സബ് ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ളവരുടെ വലിയൊരു നിര തന്നെ ഇതിൻറെ ഭാഗമായി പ്രവർത്തിക്കും. സ്ത്രീകളെ ഉപദ്രവിക്കുന്നവരെ വെറുതെ വിടില്ലെന്നും പദ്ധതി ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി പറഞ്ഞു.

എല്ലാ സീമകളും ലംഘിക്കുന്ന പെരുമാറ്റം; യൂട്യൂബ് ചാനലുകൾക്ക് ലൈസൻസിംഗ് കൊണ്ടുവരണമെന്ന് രമേഷ് പിഷാരടി

തിരുവനന്തപുരം: നടൻ സലിം കുമാറിൻറെ സംസ്കാര ചടങ്ങിനെത്തിയ ഓൺലൈൻ മീഡിയക്കാരുടെ പെരുമാറ്റം എല്ലാ സീമകളും ലംഘിക്കുന്നതായിരുന്നെന്ന് രമേഷ് പിഷാരടി എംഎൽഎ. അവരോട് സലിം കുമാറിൻറെ മകൻ ചന്തു ദേഷ്യത്തോടെ പെരുമാറിയതിൽ തെറ്റില്ലെന്നും അദ്ദേഹം പ്രതികരിച്ചു.

ഒരു പറ്റം മൊബൈൽ മാധ്യമപ്രവർത്തകർ സലിം കുമാറിൻറെ സംസ്കാര ചടങ്ങിൽ അനാവശ്യമായി തിരക്കുണ്ടാക്കി. ഫ്രീസറിന് ചുറ്റും പോലും ഓൺലൈൻ മാധ്യമപ്രവർത്തകർ മൊബൈൽ ചിത്രീകരണത്തിനായി കൂടി.

പലവട്ടം അഭ്യർഥിച്ചിട്ടും മാറാൻ അവർ തയാറായില്ല. മുഖ്യമന്ത്രിയും സലിം കുമാറിൻറെ മകനും ഉൾപ്പെടെയുള്ളവർ ആവശ്യപ്പെട്ടിട്ടും പലരും തിക്കും തിരക്കും കൂട്ടി. സ്വകാര്യതിലേക്കുള്ള കടന്നുകയറ്റത്തിൻറെ വലിയ ഉദാഹരണമാണ് അവിടെ കണ്ടതെന്നും അദ്ദേഹം പറഞ്ഞു. സ്വകാര്യമായ സന്ദർഭങ്ങളിൽ പോലും ഇവർ അതിക്രമിച്ചു കയറുകയാണ്. എന്നിട്ട് ആ വീഡിയോകൾ അനാവശ്യ ക്യാപ്ഷൻ ഇട്ട് നൽകുന്നു. അതിനെതിരെ ജനകീയ പ്രക്ഷോഭം ഉണ്ടായാൽ പോലും തെറ്റില്ല. യൂട്യൂബ് ചാനലുകൾക്ക് ലൈസൻസിംഗ് കൊണ്ടുവരുന്നത് നല്ലതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഞ്ചാവുമായി ആലുവ സ്വദേശികളും അന്യസംസ്ഥാന തൊഴിലാളിയും പിടിയിൽ

കൊച്ചി: മൂവാറ്റുപുഴയിൽ കഞ്ചാവുമായി ആലുവ സ്വദേശികളും അന്യസംസ്ഥാന തൊഴിലാളിയും പിടിയിൽ. വാഴക്കുളം കാവന റോഡിൽ നിന്നും പത്തു ഗ്രാം കഞ്ചാവുമായി ആലുവ സ്വദേശികളായ മുഹമ്മദ് സഹൽ, ഷാഹിൻ എന്നിവരാണ് പിടിയിലായത്. മറ്റൊരിടത്ത് നിന്നും ആസാം സ്വദേശിയും കഞ്ചാവുമായി പിടിയിലായി.

ആസാം സ്വദേശി അബിദുർ റഹ്മാൻ ആണ് പുന്നോപ്പടി മസ്ജിദ് റോഡിന് സമീപത്തു നിന്നും എക്സൈസിൻറെ പിടിയിലായത്. ആറു ഗ്രാം കഞ്ചാവും ഇത് കടത്താൻ ഉപയോഗിച്ച സ്കൂട്ടറും കസ്റ്റഡിയിൽ എടുത്തു. മൂവാറ്റുപുഴ എക്സൈസ് ഇൻസ്പെക്ടർ അനിൽ കുമാറിൻറെ നേതൃത്വത്തിലാണ് പ്രതികളെ പിടികൂടിയത്.

മാനസിക വൈകല്യമുള്ള മാതാവ് ഒമ്പതുകാരിയായ മകളെ കിണറ്റിൽ തള്ളിയിട്ടു

എടക്കര: മാനസിക വൈകല്യമുള്ള മാതാവ് കുടുംബവഴക്കിനെത്തുടർന്ന് ഒമ്പതുകാരിയായ മകളെ കിണറ്റിൽ തള്ളിയിട്ടു. അഗ്നിരക്ഷാസേനയെത്തി കുട്ടിയെ രക്ഷപ്പെടുത്തി. മുപ്പത്തിയഞ്ച് റിംഗുകൾ ഇറക്കിയ കിണറ്റിൽ വീണ കുട്ടി ഒരു പോറൽ പോലുമേൽക്കാതെയാണ് രക്ഷപ്പെട്ടത്. ചുങ്കത്തറ കൈപ്പിനി കവല പാർട്ടിക്കുന്നിൽ ഇന്നലെ രാവിലെ എട്ടുമണിയോടെയാണ് സംഭവം. ഭർത്താവുമായി കലഹിച്ച ഭാര്യ രാവിലെ മകളെ മീൻ മാണിച്ചുതരാമെന്ന് പറഞ്ഞ് കിണറിനടുത്ത് കൊണ്ടുപോയി തള്ളിയിടുകയായിരുന്നു.

സംഭവം കണ്ടുനിന്ന അയൽവാസികൾ ഉടൻ കോണി കിണറ്റിലിറക്കി കൊടുക്കുകയും കുട്ടി അതിൽ പിടിച്ച് നിൽക്കുകയും ചെയ്തു. പിന്നാലെ ബന്ധുവായ ഒരാൾ കിണറ്റിലിറങ്ങി കുട്ടിയെ ചേർത്ത് മോട്ടോർ പൈപ്പിൽ പിടിച്ച് നിന്നു. വിവരമറിയിച്ചതിനെത്തുർന്ന് നിലമ്പൂരിൽ നിന്നെത്തിയ അഗ്നിരക്ഷാ സേന കിണറ്റിൽ കുട്ട ഇറക്കി കുട്ടിയെയും ബന്ധുവിനെയും കരയ്ക്ക് കയറ്റുകയായിരുന്നു.

തുടർന്ന് ബന്ധുക്കളും നാട്ടുകാരും ചേർന്ന് കുട്ടിയെ നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിക്കുകയും ആവശ്യമായ പ്രഥമ ചികിത്സകൾ നൽകുകയും ചെയ്തു. കുട്ടിയുടെ മാതാവിനെ പോലീസ് കസ്റ്റഡിയിലെടുത്തു.

സെക്രട്ടറിയേറ്റിൽ വീണ്ടും മാധ്യമ നിയന്ത്രണം; പ്രധാന സമര ഗേറ്റും ബാരിക്കേഡ് വച്ച് അടച്ചു

തിരുവനന്തപുരം: സംസ്ഥാന ഭരണസിരാകേന്ദ്രമായ സെക്രട്ടറിയേറ്റിൽ മാധ്യമപ്രവർത്തകർക്ക് വീണ്ടും കർശന നിയന്ത്രണം ഏർപ്പെടുത്തി. മാധ്യമപ്രവർത്തകർക്ക് സെക്രട്ടറിയേറ്റിലേക്ക് പ്രവേശിക്കണമെങ്കിൽ ഇനി മുതൽ അവർ സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള പ്രത്യേക ശിപാർശ കത്ത് നിർബന്ധമാക്കി. ശിപാർശ ഇല്ലാത്ത പക്ഷം മാധ്യമപ്രവർത്തകരെ അകത്തേക്ക് പ്രവേശിപ്പിക്കേണ്ടതില്ലെന്നാണ് പുതിയ തീരുമാനം.

മാധ്യമ നിയന്ത്രണത്തിന് പുറമെ സെക്രട്ടറിയേറ്റിലെ പ്രധാന കവാടമായ സമര ഗേറ്റും അധികൃതർ അടച്ചുപൂട്ടി. ഇടക്കാലത്ത് കുറച്ചുദിവസത്തേക്ക് തുറന്നുകൊടുത്തിരുന്ന ഈ പ്രധാന ഗേറ്റാണ് ഇപ്പോൾ വീണ്ടും വലിയ ബാരിക്കേഡുകൾ സ്ഥാപിച്ച് പൂർണമായി അടച്ചിട്ടിരിക്കുന്നത്.

കഴിഞ്ഞ എൽഡിഎഫ് സർക്കാരിൻറെ ഭരണകാലത്തായിരുന്നു സെക്രട്ടറിയേറ്റിൽ ആദ്യമായി മാധ്യമപ്രവർത്തകർക്ക് സമാനമായ രീതിയിൽ വിലക്കും നിയന്ത്രണങ്ങളും ഏർപ്പെടുത്തിത്തുടങ്ങിയത്. അന്ന് ഈ നടപടിക്കെതിരെ വലിയ രീതിയിലുള്ള രാഷ്ട്രീയ വിമർശനങ്ങളുമായി പ്രതിപക്ഷം രംഗത്തെത്തിയിരുന്നു. എന്നാൽ യുഡിഎഫ് സർക്കാർ അധികാരത്തിലെത്തിയ ശേഷവും ഈ നിയന്ത്രണങ്ങൾ വീണ്ടും കർശനമാക്കുന്ന നിലപാടാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

ജയ്പുരിലെ പടക്ക നിർമാണ ശാലയിൽ തീപിടിത്തം; മൂന്ന് പേർ മരിച്ചു, അഞ്ച് പേർക്ക് പരിക്ക്

ജയ്പുർ: രാജസ്ഥാൻ തലസ്ഥാനമായ ജയ്പുരിലെ അനധികൃത പടക്ക നിർമാണ ശാലയിൽ തീപിടിത്തം. അപകടത്തിൽ മൂന്ന് പേർ മരിച്ചു. അഞ്ച് പേർക്ക് പരിക്കേറ്റു.

ജയ്പുരിലെ ഖോ നഗോരിയാൻ പ്രദേശത്തെ ഒരു വീട്ടിൽ പ്രവർത്തിച്ചിരുന്ന പടക്ക നിർമാണ ശാലയിലാണ് തീപിടിത്തമുണ്ടായത്. വീട്ടിനുള്ളിലുണ്ടായിരുന്ന ഗ്യാസ് സിലിണ്ടറിനും തീപിടിച്ചു.പരിക്കേറ്റവരെ സമീപത്തെ ആശുപത്രിയിലേയ്ക്ക് മാറ്റി. തീ നിയന്ത്രണ വിധേയമായെന്നും ആശങ്കപെടേണ്ട സാഹചര്യമില്ലെന്നും എഡിഎം പറഞ്ഞു.

പാക് അധീന കാഷ്മീരിൽ സംഘർഷം; 30 മരണം

മുസാഫറാബാദ്: പാക് അധീന കാഷ്മീരിൽ സുരക്ഷാസേനയും പ്രതിഷേധക്കാരും തമ്മിലുണ്ടായ വെടിവയ്പ്പിൽ മരണം മുപ്പതായി. ഇരുനൂറിലധികം പേർക്ക് പരിക്കേറ്റെന്നാണ് പ്രാഥമിക വിവരങ്ങൾ. മേഖലയിലെ പ്രമുഖ കൂട്ടായ്മയായ ജോയിൻറ് അവാമി ആക്ഷൻ കമ്മിറ്റിയെ അധികൃതർ നിരോധിച്ചതിന് പിന്നാലെയാണ് പ്രദേശം യുദ്ധക്കളമായി മാറിയത്. ക്രമസമാധാനം, സുരക്ഷ തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാണിച്ചാണ് കഴിഞ്ഞയാഴ്ച അധികൃതർ ജെഎഎസിയെ നിരോധിച്ചത്. വെള്ളിയാഴ്ച സുരക്ഷാസേനയുടെ വെടിയേറ്റ് ഒരു വ്യാപാരി കൊല്ലപ്പെട്ടതിനെ തുടർന്ന് ഞായറാഴ്ച റവാലാകോട്ട് നഗരത്തിൽ സംഘർഷം പൊട്ടിപ്പുറപ്പെട്ടിരുന്നു. അതേസമയം അധികൃതർ പുറത്തുവിട്ട സിവിലയൻമാരുടെ മരണസംഖ്യ ശരിയല്ലെന്നും അതിലേറെ മരണം സംഭവിച്ചിട്ടുണ്ടെന്നും പ്രദേശവാസികൾ പറഞ്ഞു.

പരീക്ഷ വിജ്ഞാപനമായി

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന കെ.ജി.സി.ഇ എൻജിനീയറിങ് ഏപ്രിൽ 2026 (റിവിഷൻ 2003 & 2022) പരീക്ഷാ വിജ്ഞാപനം www.sbte.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

കേസിൽ കോടതി വിധി നിരാശാജനകം, ഗൺമാൻമാർക്ക് ശിക്ഷ കിട്ടുന്നതുവരെ നിയമ പോരാട്ടമെന്ന് എ. ഡി. തോമസ് എംഎൽഎ

ആലപ്പുഴ: രക്ഷാപ്രവർത്തന കേസിൽ കോടതി വിധി നിരാശാജനകമാണെന്നും ഗൺമാൻമാർക്ക് ശിക്ഷ കിട്ടുന്നതുവരെ നിയമ പോരാട്ടം തുടരുമെന്നും എ. ഡി. തോമസ് എംഎൽഎ.

കോടതി വിധി കേട്ടശേഷം ആലപ്പുഴയിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ രണ്ട് മൂന്നു ദിവസം മുമ്പ് തന്നെ ഇത്തരത്തിൽ ഒരു വിധിയാണ് ഉണ്ടാകുകയെന്ന് മനസിലാക്കിയിരുന്നു. കേസ് കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതു കൊണ്ടും രാജ്യത്തിൻറെ നീതിന്യായ വ്യവസ്ഥിതിയോട് വലിയ ആദരവ് വെച്ചു പുലർത്തുന്ന ഒരു പൗരൻ എന്ന നിലയിലും പല കാര്യങ്ങളും തുറന്നു പറയാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

കേരളത്തിന്റെ നദികളെ വീണ്ടെടുക്കാം, സമുദ്രവുമായി പുതിയ ബന്ധം സൃഷ്ടിക്കാം

ജിരോഷ് കുമാർ വി.

. ജൂൺ 8 ലോക സമുദ്ര ദിനമായി ലോകമെമ്പാടും ആചരിക്കപ്പെടുന്നു. 2026-ലെ ലോക സമുദ്ര ദിനത്തിന്റെ പ്രമേയം 'ഞളുകങഅഏകചള്ള ആല്യീറ വേല ണീൃഹറ ണല ഗിീം, അ ചലം ഞല ഹമശേീിവെശു ംശവേ ഛൗൃ ഛരലമി' എന്നതാണ്. സമുദ്രത്തെ ചൂഷണം ചെയ്യേണ്ട വിഭവശേഖരമായി മാത്രം കാണാതെ, മനുഷ്യരാശിയുടെ നിലനിൽപ്പിന്റെ അടിസ്ഥാനമായി കണ്ട് അതുമായി ഒരു പുതിയ ബന്ധം രൂപപ്പെടുത്തണമെന്ന് ഈ പ്രമേയം ലോക സമൂഹത്തോട് ആവശ്യപ്പെടുന്നു.

ഭൂമിയുടെ ഉപരിതലത്തിന്റെ 71 ശതമാനത്തിലധികവും സമുദ്രങ്ങളാൽ മൂടപ്പെട്ടിരിക്കുന്നു. നാം ശ്വസിക്കുന്ന ഓക്സിജന്റെ പകുതിയിലധികവും സമുദ്രങ്ങളിൽ നിന്നാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. ഭൂമിയുടെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതും കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്യുന്നതും കോടിക്കണക്കിന് മനുഷ്യരുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതും സമുദ്രങ്ങളാണ്. അതുകൊണ്ടുതന്നെ സമുദ്രത്തിന്റെ ആരോഗ്യം മനുഷ്യരാശിയുടെ ആരോഗ്യവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

എന്നാൽ സമുദ്ര സംരക്ഷണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പലപ്പോഴും നാം മറന്നുപോകുന്ന ഒരു സത്യമുണ്ട്. സമുദ്രങ്ങളുടെ ആരോഗ്യം നദികളുടെ ആരോഗ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നദികൾ മരിക്കുമ്പോൾ സമുദ്രങ്ങളും രോഗബാധിതമാകുന്നു. അതിനാൽ സമുദ്ര സംരക്ഷണത്തിന്റെ ആദ്യപടി നദി സംരക്ഷണമാണ്.

കേരളം ഒരു സമുദ്രാധിഷ്ഠിത സംസ്ഥാനമാണ്. ഏകദേശം 600കിലോമീറ്റർ നീളമുള്ള തീരദേശവും 44 പ്രധാന നദികളും അനേകം കായലുകളും തടാകങ്ങളും കനാലുകളും ഉൾനാടൻ ജലാശയങ്ങളും കേരളത്തിനുണ്ട്. പശ്ചിമഘട്ട മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന ഈ നദികൾ അറബിക്കടലിലേക്ക് ഒഴുകിച്ചേരുന്നു. നൂറ്റാണ്ടുകളായി കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വളർച്ചയുടെ അടിത്തറയായിരുന്നത് ഈ നദികളാണ്.

പുരാതന കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ ജലപാതകൾക്ക് അതീവ പ്രാധാന്യമുണ്ടായിരുന്നുവെന്ന് കാണാം. ചരക്കുനീക്കം, മസാല വ്യാപാരം, കൃഷി, മത്സ്യബന്ധനം, യാത്രാ സൗകര്യം തുടങ്ങിയ മേഖലകളിൽ നദികളും കായലുകളും പ്രധാന പങ്കുവഹിച്ചു. റോഡുകളും റെയിൽവേയും വികസിക്കുന്നതിന് മുമ്പ് കേരളത്തിലെ പ്രധാന ഗതാഗത മാർഗങ്ങൾ ജലപാതകളായിരുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വ്യാപാരികൾ കേരള തീരത്തെത്തുകയും നദികളിലൂടെ ഉൾനാടൻ പ്രദേശങ്ങളിലേക്ക് വ്യാപാരം വ്യാപിപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഇന്ന് കേരളത്തിലെ ഭൂരിഭാഗം നദികളും ഗുരുതര പ്രതിസന്ധിയിലാണ്. ആഫ്രിക്കൻ പായൽ പോലുള്ള അധിനിവേശ സസ്യങ്ങൾ, നിയന്ത്രണമില്ലാത്ത സിൽറ്റ് നിക്ഷേപം, അനധികൃത മണൽ ഖനനം, കരകയ്യേറ്റങ്ങൾ, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യ നിക്ഷേപം, വ്യവസായ-ഗാർഹിക മലിനജല ഒഴുക്ക് എന്നിവ നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. പല നദികളുടെയും ആഴം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ജലസംഭരണശേഷി കുറയുകയും വെള്ളപ്പൊക്ക സാധ്യത വർധിക്കുകയും വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാകുകയും ചെയ്യുന്നു.

ഒരു ഹൈഡ്രോഗ്രാഫറെന്ന നിലയിൽ മൂന്ന് പതിറ്റാണ്ടിലേറെക്കാലം കേരളത്തിലെ നദികൾ, തുറമുഖങ്ങൾ, കായലുകൾ, ജലാശയങ്ങൾ എന്നിവ പഠിക്കാനും സർവേ ചെയ്യാനും എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. നിരവധി നദികളിൽ വർഷങ്ങളായി നടന്നുവരുന്ന ആഴക്കുറവും കരയിടിച്ചിലും സിൽറ്റ് അടിഞ്ഞുകൂടലും നേരിട്ട് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ശാസ്ത്രീയ അടിസ്ഥാനത്തിൽ നദികളെ പുനരുജ്ജീവിപ്പിക്കാനുള്ള സമയമാണ്.

കേരളത്തിന്റെ വികസന ഭാവി നദികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകം കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനും ഗ്രീൻ ഗതാഗത സംവിധാനങ്ങളിലേക്ക് മാറുന്നതിനും ശ്രമിക്കുമ്പോൾ ഉൾനാടൻ ജലഗതാഗതത്തിന്റെ പ്രസക്തി വർധിക്കുകയാണ്. റോഡ് ഗതാഗതത്തെ അപേക്ഷിച്ച് ജലഗതാഗതം കൂടുതൽ ഇന്ധനക്ഷമവും പരിസ്ഥിതി സൗഹൃദവുമാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖം പ്രവർത്തന സജ്ജമാകുന്ന സാഹചര്യത്തിൽ കേരളത്തിന്റെ നദികളും ജലപാതകളും പുതിയ സാധ്യതകളുടെ വാതിൽ തുറക്കുന്നു. വിഴിഞ്ഞം തുറമുഖത്തെ കേരളത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന ഉൾനാടൻ ജലഗതാഗത ശൃംഖല വികസിപ്പിക്കാൻ കഴിയുകയാണെങ്കിൽ ചരക്ക് ഗതാഗത ചെലവ് കുറയ്ക്കാനും റോഡ് ഗതാഗത തിരക്ക് നിയന്ത്രിക്കാനും കാർബൺ പുറന്തള്ളൽ കുറയ്ക്കാനും സാധിക്കും. കോസ്റ്റൽ ഷിപ്പിംഗും ബാർജ് ഗതാഗതവും മൾട്ടി-മോഡൽ ലോജിസ്റ്റിക്സ് സംവിധാനങ്ങളും കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ സംഭാവന നൽകും.

നദികളുടെ പുനരുജ്ജീവനം ചരക്ക് ഗതാഗതത്തിന് മാത്രമല്ല, ടൂറിസം വികസനത്തിനും അത്യന്താപേക്ഷിതമാണ്. കേരളത്തിന്റെ ബാക്ക് വാട്ടറുകളും കായലുകളും നദികളും ലോകപ്രശസ്തമാണ്. ശാസ്ത്രീയമായി സംരക്ഷിക്കപ്പെട്ട നദികൾ ഇക്കോ ടൂറിസം, ഹൗസ് ബോട്ട് ടൂറിസം, റിവർ ക്രൂയിസ്, വാട്ടർ സ്പോർട്സ്, ഗ്രാമീണ ടൂറിസം തുടങ്ങിയ മേഖലകളിൽ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും.

ഭാവിയിലെ ഊർജ മേഖലകളിലും നദികൾക്ക് പ്രധാന പങ്കുണ്ട്. ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദനം, ഓഫ്ഷോർ കാറ്റാടി പദ്ധതികൾ, ബ്ലൂ എക്കണോമി, സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളുടെ വളർച്ചയ്ക്ക് ശുദ്ധമായ ജലസ്രോതസ്സുകളും കാര്യക്ഷമമായ ജലഗതാഗത സംവിധാനങ്ങളും ആവശ്യമാണ്. അതിനാൽ നദി സംരക്ഷണം പരിസ്ഥിതി വിഷയമെന്നതിലുപരി സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാന ആവശ്യകത കൂടിയാണ്.

ലോകത്തിലെ മഹാനദികളായ നൈൽ, ആമസോൺ, മിസിസിപ്പി, യാങ്സി, ഗംഗ, ബ്രഹ്മപുത്ര എന്നിവ മനുഷ്യ നാഗരികതയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. അതുപോലെ കേരളത്തിലെ പെരിയാർ, ഭാരതപ്പുഴ, പമ്പ, അച്ചൻകോവിൽ, കല്ലട, ചാലിയാർ, കബനി തുടങ്ങിയ നദികളും നമ്മുടെ സാമൂഹിക-സാമ്പത്തിക ജീവിതത്തിന്റെ അടിത്തറയാണ്.

ലോക സമുദ്ര ദിനം 2026-ലെ 'ഞളുകങഅഏകചള്ള' എന്ന പ്രമേയം കേരളത്തിനും ഒരു സന്ദേശം നൽകുന്നു. സമുദ്രവുമായി നമ്മുടെ ബന്ധം പുനർവിചിന്തനം ചെയ്യണമെങ്കിൽ ആദ്യം നദികളുമായുള്ള നമ്മുടെ ബന്ധം പുനഃസ്ഥാപിക്കണം. നദികളെ വെറും മഴവെള്ള ച്ചാലുകളായി കാണാതെ ജീവന്റെ ധമനികളായി കാണണം.

കേരളത്തിന്റെ 44 നദികളെയും കായലുകളെയും ജലാശയങ്ങളെയും സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നത് വരും തലമുറകൾക്കുള്ള ഏറ്റവും വലിയ നിക്ഷേപമായിരിക്കും. ശാസ്ത്രീയ സർവേകൾ, സിൽറ്റ് മാനേജ്മെന്റ്, കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ, മലിനീകരണ നിയന്ത്രണം, സമൂഹപങ്കാളിത്തം, ആധുനിക ജലഗതാഗത വികസനം എന്നിവ സംയോജിപ്പിച്ചുള്ള സമഗ്ര പദ്ധതികളിലൂടെ കേരളത്തിന് ജലാധിഷ്ഠിത വികസനത്തിന്റെ പുതിയ മാതൃക സൃഷ്ടിക്കാനാകും.

ഈ ലോക സമുദ്ര ദിനത്തിൽ നമുക്ക് ഒരു പ്രതിജ്ഞ എടുക്കാം. നദികളെ സംരക്ഷിക്കാം.

ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കാം.

സമുദ്രത്തെ സ്നേഹിക്കാം. കാരണം നദികളുടെ ഭാവിയാണ് സമുദ്രത്തിന്റെ ഭാവി; സമുദ്രത്തിന്റെ ഭാവിയാണ് മനുഷ്യരാശിയുടെ ഭാവി.

REIMAGINE നദികളിൽ നിന്ന് സമുദ്രത്തിലേക്ക്, സുസ്ഥിര കേരളത്തിന്റെ പുതിയ യാത്ര ആരംഭിക്കട്ടെ.

എഴുതിയത്:

Adv. Er)ജിരോഷ് കുമാർ. വി
മുൻ ചീഫ് ഹൈഡ്രോഗ്രാഫർ,
കേരള സർക്കാർ

മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയും: മന്ത്രി മോൻസ് ജോസഫ്

കോട്ടയം: മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുമെന്ന് മന്ത്രി മോൻസ് ജോസഫ്. തമിഴ്നാട് സർക്കാരുമായി അഭിപ്രായ സമന്വയമുണ്ടാക്കാൻ ശ്രമിക്കുകയാണെന്നും സുപ്രീംകോടതി മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കൂ എന്നും മന്ത്രി പറഞ്ഞു.

കേരളത്തിന് സുരക്ഷ തമിഴ്നാടിന് വെള്ളം എന്നത് തന്നെയാണ് സർക്കാരിന്റെ നിലപാട് എന്നും മോൻസ് ജോസഫ് വ്യക്തമാക്കി. കമ്പം എംഎൽഎ അടക്കമുള്ളവർ ജലനിരപ്പ് ഉയർത്തി കൂടുതൽ വെള്ളം വേണമെന്ന് ആവശ്യപ്പെടുന്നതിനിടയിലാണ് കേരളത്തിലെ പുതിയ ജലവിഭവ വകുപ്പ് മന്ത്രി മോൻസ് ജോസഫ് മുല്ലപ്പെരിയാർ സംബന്ധിച്ച നിലപാട് വ്യക്തമാക്കിയത്.

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് വേണമെന്ന നിലപാട് മോൻസ് ജോസഫ് ആവർത്തിച്ചു. തമിഴ്നാട്ടിലെ പുതിയ സർക്കാരുമായി അഭിപ്രായമുണ്ടാക്കാൻ ശ്രമിക്കുകയാണ്. മുഖ്യമന്ത്രി ഇക്കാര്യം ധരിപ്പിക്കുമെന്നും മോൻസ് ജോസഫ് പറഞ്ഞു.

ഇഡി സമൻസ് വരട്ടെ, അപ്പോൾ വീണ രേഖകൾ ഹാജരാക്കും: കെ. കെ. ഷൈലജ

കണ്ണൂർ: മാസപ്പടി കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ മകൾ ടി. വീണയ്ക്ക് ഇഡി സമൻസ് അയയ്ക്കുന്നതിൽ പ്രതികരണവുമായി കെ. കെ. ഷൈലജ. ഇഡി സമൻസ് വരട്ടെ, അപ്പോൾ വീണ രേഖകൾ ഹാജരാക്കുമെന്ന് ഷൈലജ പ്രതികരിച്ചു.

മകൾ ഒരു കമ്പനിയുണ്ടാക്കി. ആ കമ്പനി മറ്റു ചില കമ്പനികളുമായി കരാറിലേർപ്പെട്ടു. അതിനുവേണ്ടിയാണല്ലോ കമ്പനികൾ ഉണ്ടാക്കുന്നത്. ചെറുപ്പക്കാർ ജീവിക്കാൻ കുറേ മാർഗങ്ങൾ സ്വീകരിക്കുന്നുണ്ട്. അതിൽ എന്തെങ്കിലുമുണ്ടെങ്കിൽ മകളുമായി ബന്ധപ്പെടുന്ന കാര്യമാണെന്നും ഷൈലജ പറഞ്ഞു.

അതിൽ വീണ തന്നെ മറുപടി പറയും. അതിനവർ കൃത്യമായി മറുപടി പറഞ്ഞുകഴിഞ്ഞുവെന്നാണ് തോന്നുന്നത്. അത് പ്രതിപക്ഷ നേതാവുമായി ബന്ധപ്പെടുത്തേണ്ട കാര്യമില്ല. കാര്യമില്ലാത്ത കാര്യമെന്ന് കാണുമ്പോൾ അന്വേഷിച്ചത് തെറ്റാണെന്ന് ഉദ്യോഗസ്ഥർ പറയണമെന്നും ഷൈലജ കൂട്ടിച്ചേർത്തു.

ശ്രീലങ്ക എയ്ക്കെതിരായ ഏകദിനം; ഇന്ത്യ എയ്ക്ക് മികച്ച് സ്കോർ

ദാംബുള്ള: ത്രിരാഷ്ട്ര പരമ്പരയിലെ ശ്രീലങ്ക എയ്ക്കെതിരായ മത്സരത്തിൽ ഇന്ത്യ എയ്ക്ക് മികച്ച സ്കോർ. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ എ 50 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 277 റൺസാണെടുത്തത്.

സെഞ്ചുറി നേടിയ റുതുരാജ് ഗെയ്ക്വാദിൻറെയും അർധ സെഞ്ചുറി നേടിയ ക്യാപ്റ്റൻ തിലക് വർമയുടെയും മികവിലാണ് ഇന്ത്യ എ മികച്ച സ്കോർ പടുത്തുയർത്തിയത്. ഗെയ്ക്വാദ് 101 റൺസും തിലക് 60 റൺസുമാണെടുത്തത്. പ്രിയാൻഷ് ആര്യ 32 റൺസും സൂര്യാൻഷ് ഷെഡ്ജെ 26 റൺസും ആയുഷ് ബദോനി 24 റൺസും എടുത്തു. ശ്രീലങ്കയ്ക്ക് വേണ്ടി മുഹമ്മദ് ഷിറാസ് രണ്ട് വിക്കറ്റ് എടുത്തു. ചമിക കരുണരത്നെ, ഗരുക സാങ്കേത്, വനുജ സഹാൻ എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

ശബരിമല സ്വർണക്കൊള്ള: തന്ത്രിക്ക് ജാമ്യത്തിൽ തുടരാം, തെളിവില്ലെന്ന പരാമർശം നീക്കി ഹൈക്കോടതി

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ തന്ത്രി കണ്ഠരര് രാജീവരർക്കെതിരെ തെളിവില്ലെന്ന കൊല്ലം വിജിലൻസ് കോടതിയുടെ പരാമർശം ഹൈക്കോടതി നീക്കി. എന്നാൽ തന്ത്രിക്ക് ജാമ്യം റദ്ദാക്കാൻ ആവില്ലെന്നും കോടതി വ്യക്തമാക്കി. സ്വർണക്കൊള്ള കേസിൽ അറസ്റ്റിലായ തന്ത്രിക്ക് 41 ദിവസത്തിന് ശേഷമായിരുന്നു ജാമ്യം അനുവദിച്ചത്.തന്ത്രിയുടെ ജാമ്യം റദ്ദാക്കണമെന്ന ഹർജിയുമായാണ് എസ്ഐടി ഹൈക്കോടതിയെ സമീപിച്ചത്. തെളിവില്ലെന്ന കീഴ്ക്കോടതിയുടെ പരാമർശം ഹൈക്കോടതി നേരത്തെ സ്റ്റേ ചെയ്തിരുന്നു. തന്ത്രിക്കെതിരെ തെളിവിൻറെ ഒരു കണിക പോലുമില്ല എന്നായിരുന്നു വിജിലൻസ് കോടതിയുടെ പകരാമർശം.കീഴ്ക്കോടതിയുടെ പരാമർശം നീക്കം ചെയ്തെങ്കിലും തന്ത്രിക്ക് ജാമ്യം നിഷേധിക്കാൻ മതിയായ കാരണങ്ങൾ ഒന്നുമില്ല. അതിനാൽ ജാമ്യം റദ്ദാക്കി ജയിലിലേക്ക് അയക്കേണ്ടതില്ലെന്ന് കോടതി വ്യക്തമാക്കി. തന്ത്രിക്കെതിരെ തെളിവുണ്ട് എന്നാണ് അപ്പീലിൽ എസ്ഐടിയുടെ അവകാശവാദം.

ആപ്പിൾ കടിച്ച ശേഷം ജനക്കൂട്ടത്തിലേക്ക് എറിഞ്ഞ് ഡി.കെ ശിവകുമാർ; വീഡിയോ വൈറൽ, വിമർശനം ശക്തം

ബംഗളൂരു: പൊതുപരിപാടിക്കിടെ ആപ്പിൾ കടിച്ച ശേഷം ജനക്കൂട്ടത്തിന് നേരെ എറിഞ്ഞു നൽകുന്ന കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാറിൻറെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൻ വിവാദമാകുന്നു. മുഖ്യമന്ത്രിയുടെ സ്വന്തം മണ്ഡലമായ കനകപുരയിലെ ഹാരോഹള്ളിയിൽ നടന്ന സ്വീകരണ പരിപാടിക്കിടെയാണ് സംഭവം.

മണ്ഡലത്തിൽ എത്തിയ ശിവകുമാറിന് വൻ വരവേൽപ്പാണ് അണികൾ നൽകിയത്. ഇതിൻറെ ഭാഗമായി ആപ്പിളുകളും പൂക്കളും കോർത്തിണക്കി തയ്യാറാക്കിയ വലിയ ഹാരം ക്രെയിൻ ഉപയോഗിച്ച് അദ്ദേഹത്തെ അണിയിച്ചു. ഇതിനിടെ ഹാരത്തിൽ നിന്ന് ആപ്പിളുകൾ ഓരോന്നായി പറിച്ച് കടിച്ച ശേഷം ശിവകുമാർ താഴെ തടിച്ചുകൂടിയ അണികൾക്ക് നേരെ എറിഞ്ഞു കൊടുക്കുകയായിരുന്നു. ആവേശത്തോടെയാണ് അണികൾ ഇത് കൈക്കലാക്കാൻ ശ്രമിച്ചത്.വീഡിയോ വൈറലായതോടെ വലിയ രീതിയിലുള്ള വിമർശനങ്ങളാണ് ശിവകുമാറിനെതിരെ ഉയരുന്നത്. കർണാടക മുഖ്യമന്ത്രി സ്വയം ഒരു ദൈവമാണെന്ന് കരുതിയാണോ 'പ്രസാദം' എന്ന രീതിയിൽ എച്ചിൽ ആഹാരം ജനങ്ങൾക്ക് നൽകുന്നതെന്ന് ചിലർ സമൂഹമാധ്യമങ്ങളിൽ ചോദിച്ചു. ഒരു പൊതുപ്രവർത്തകന് ചേർന്ന നടപടിയല്ല ഇതെന്നും വിമർശനമുണ്ട്.എന്നാൽ, അണികളോടുള്ള സ്നേഹപ്രകടനത്തിൻറെ ഭാഗമായുള്ള ലളിതമായ ഇടപെടൽ മാത്രമാണിതെന്നാണ് ശിവകുമാറിനെ അനുകൂലിക്കുന്നവരുടെ വാദം.

മയക്കുമരുന്ന് ലഹരിയിൽ യുവാവിൻെറ പരാക്രമം; ഇരുമ്പു ദണ്ഡ് ഉപയോഗിച്ച് ആളുകളെ ആക്രമിക്കാൻ ശ്രമം

പെരുമ്പാവൂർ: മയക്കുമരുന്ന് ലഹരിയിൽ പെരുമ്പാവൂരിൽ അന്യസംസ്ഥാന തൊഴിലാളിയുടെ പരാക്രമം. റോഡിലൂടെ പോയ കാർ തല്ലിപ്പൊളിക്കുകയും മറ്റുള്ളവരെ ആക്രമിക്കാൻ ശ്രമിക്കുകയും ഒരാളെ അടിച്ചു കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു.

അക്രമിയുടെ പേരോ ഏത് നാട്ടുകാരൻ ആണെന്നോ മറ്റു വിവരങ്ങളോ ഒന്നും ഇതുവരെ ലഭ്യമായിട്ടില്ല. ഇന്ന് ഉച്ചയ്ക്ക് മൂന്നോടു കൂടിയാണ് സംഭവം. പെരുമ്പാവൂർ ടൗണിൽ നിന്ന് പിപി റോഡിലേക്കുള്ള ലിങ്ക് റോഡിലാണ് അതിക്രമം നടന്നത്.

നീളമേറിയ ഇരുമ്പ് ദണ്ഡ് ഉപയോഗിച്ചാണ് ഇയാൾ അക്രമം നടത്തിയത്. ഇയാൾ അവസാനം സ്വയം തല തല്ലി തകർക്കുകയും ചെയ്തു. ഒടുവിൽ നാട്ടുകാർ ഇടപെട്ട് പോലീസിനെ വിളിച്ചു വരുത്തുകയും പോലീസ് എത്തി ഇയാളെ ആശുപത്രിയിലേക്ക് മാറ്റുകയാണ് ഉണ്ടായത്

ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസ്; അഞ്ച് പ്രതികളെ പോലീസ് കസ്റ്റഡിയിൽ വിട്ടു

കൊച്ചി: പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ വീടിന് മുന്നിൽ ഇഡി ഉദ്യോഗസ്ഥർ ആക്രമിക്കപ്പെട്ട സംഭവത്തിൽ അഞ്ച് പ്രതികളെ പോലീസ് കസ്റ്റഡിയിൽ വിട്ടു. ആറ് മുതൽ 10 വരെയുള്ള പ്രതികളെയാണ് ബുധനാഴ്ച വൈകുന്നേരം അഞ്ച് വരെ പോലീസ് കസ്റ്റഡിൽ വിട്ടത്.സിഎംആർഎൽ-എക്സാലോജിക് മാസപ്പടി കേസുമായി ബന്ധപ്പെട്ട്, പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെയും മകൾ വീണാ വിജയൻറെയും തിരുവനന്തപുരം ബേക്കറി ജംഗ്ഷനിലെ വസതിയിൽ നടന്ന റെയ്ഡിന് പിന്നാലെയാണ് ആക്രമണമുണ്ടായത്. റെയ്ഡ് കഴിഞ്ഞ് മടങ്ങുകയായിരുന്ന ഇഡി ഉദ്യോഗസ്ഥർ സഞ്ചരിച്ച കാറാണ് ആക്രമിച്ചത്.മേയ് 27-നാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) എട്ട് മണിക്കൂറോളം നീണ്ട മിന്നൽ പരിശോധന നടത്തിയത്. വീണ വിജയൻറെ എക്സാലോജിക് കമ്പനിയും സിഎംആർഎല്ലും തമ്മിലുള്ള മാസപ്പടി ഇടപാടുകളിലെ കള്ളപ്പണം വെളുപ്പിക്കൽ അന്വേഷിക്കുന്നതിൻറെ ഭാഗമായായിരുന്നു ഇത്.മാസപ്പടി കേസിലെ ഇഡി അന്വേഷണത്തിനുള്ള നിയമപരമായ തടസ്സങ്ങൾ ഹൈക്കോടതി നീക്കിയതിന് തൊട്ടുപിന്നാലെയായിരുന്നു റെയ്ഡ്. റെയ്ഡ് കഴിഞ്ഞ് ഉദ്യോഗസ്ഥർ പുറത്തേക്ക് മടങ്ങിയ വാഹനങ്ങൾ വളഞ്ഞ സിപിഎം, ഡിവൈഎഫ്ഐ, എസ്എഫ്ഐ പ്രവർത്തകർ കല്ലുകൾ, ഇഷ്ടികകൾ, മരക്കഷ്ണങ്ങൾ (കുരവടികൾ) എന്നിവ ഉപയോഗിച്ച് കാറുകൾ ആക്രമിക്കുകയായിരുന്നു.

മുനമ്പം സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥൻ മരിച്ച നിലയിൽ

കൊച്ചി: എറണാകുളം മുനമ്പം പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസറെ മരിച്ച നിലയിൽ കണ്ടെത്തി. സിപിഒ ബിനു വർഗീസിനെ (43) ആണ് പട്ടാപ്പകൽ പെരുമ്പടന്നയിൽ ഉള്ള വീട്ടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.ചൊവ്വാഴ്ച ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഇയാൾ ഉച്ചക്ക് 12 ഓടെ വീട്ടിലേക്ക് പോയിരുന്നു. ഉച്ചയ്ക്ക് രണ്ടോടെയാണ് മൃതദേഹം കണ്ടെത്തിയത്. പറവൂർ പോലീസ് മേൽ നടപടികൾ സ്വീകരിച്ചു വരികയാണ്.

തോൽവി പഠിക്കാൻ ജനങ്ങളിലേക്ക്; പിഴവുകൾ സമ്മതിച്ച് സിപിഎം; വിവരങ്ങൾ പുറത്തുവിട്ട് എം.വി. ഗോവിന്ദൻ

തിരുവനന്തപുരം: തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് ഇത്ര വലിയ പരാജയം ഉണ്ടാകുമെന്ന് മുൻകൂട്ടി മനസിലാക്കാൻ സിപിഎം സംസ്ഥാന സമിതിക്ക് കഴിഞ്ഞിട്ടില്ലെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ വാർത്താസമ്മേളനത്തിൽ സമ്മതിച്ചു. തോൽവിയുടെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്താൻ പൊതുജനങ്ങൾക്കിടയിൽ നേരിട്ട് അന്വേഷണം നടത്താനാണ് പാർട്ടിയുടെ തീരുമാനം. ഇതിനായി വാട്സാപ്പ്, ഇമെയിൽ എന്നിവ വഴി സമൂഹത്തിൻറെ സമസ്ത മേഖലകളിലുള്ള ജനങ്ങളിൽ നിന്നും പാർട്ടി അഭിപ്രായം തേടും.

തെരഞ്ഞെടുപ്പിൽ യുഡിഎഫും ബിജെപിയും തമ്മിൽ വോട്ട് കച്ചവടം നടന്നുവെന്ന് എം.വി. ഗോവിന്ദൻ ആരോപിച്ചു. മുപ്പതോളം മണ്ഡലങ്ങളിൽ ബിജെപി വോട്ടുകൾ യു.ഡി.എഫിന് മറിഞ്ഞു. ചിലയിടങ്ങളിൽ തിരിച്ചു വോട്ട് നൽകുന്ന ഡീലുമുണ്ടായി. തെരഞ്ഞെടുപ്പ് കാലത്ത് മുഖ്യമന്ത്രി പിണറായി വിജയനെ കേന്ദ്ര ഏജൻസികൾ എന്തുകൊണ്ട് അറസ്റ്റ് ചെയ്യുന്നില്ലെന്ന് ചോദിച്ച രാഹുൽ ഗാന്ധി, കേരളത്തിലെ കോൺഗ്രസ് നേതാക്കളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് അങ്ങനെ സംസാരിച്ചതെന്ന് 'ഇന്ത്യ' മുന്നണി യോഗത്തിൽ സമ്മതിച്ചതായും ഗോവിന്ദൻ വെളിപ്പെടുത്തി.

യുഡിഎഫ് ഭരണം വന്നതോടെ ഈ ബിജെപി-യുഡിഎഫ് ഡീൽ കൂടുതൽ വ്യക്തമായതായും മൂന്ന് സീറ്റ് കിട്ടിയ ബിജെപിക്ക് പാർലമെൻറ് തെരഞ്ഞെടുപ്പിനേക്കാൾ ആറ് ശതമാനം വോട്ട് കുറവാണ് ഇത്തവണ കിട്ടിയതെന്നും ആ വോട്ടുകൾ യുഡിഎഫിനാണ് ലഭിച്ചതെന്നും അദ്ദേഹം പറഞ്ഞു.

പയ്യന്നൂർ, തളിപ്പറമ്പ് മണ്ഡലങ്ങളിലെ സ്ഥാനാർത്ഥി നിർണ്ണയത്തിൽ പാളിച്ചകൾ പറ്റിയതായി സംസ്ഥാന സമിതിയും ജില്ലാ കമ്മിറ്റിയും അംഗീകരിച്ചു. വെള്ളാപ്പള്ളി നടേശൻറെ മുസ്‌ലിം വിരുദ്ധ പ്രസ്താവനകളെ സിപിഎം ശക്തമായി പ്രതിരോധിച്ചില്ലെന്ന തെറ്റായ ധാരണ ന്യൂനപക്ഷങ്ങൾക്കിടയിൽ ഉണ്ടായതും, ശബരിമല സ്വർണക്കൊള്ള കേസിൽ പത്മകുമാറിനെതിരെ ശക്തമായ നടപടിയെടുത്തില്ലെന്ന പ്രചാരണവും തിരിച്ചടിയായി.

ദേവസ്വം ബോർഡ് നടത്തിയ അയ്യപ്പ സംഗമം സംഘടിപ്പിച്ചത് സർക്കാരാണെന്ന രീതിയിൽ വലതുപക്ഷം നടത്തിയ പ്രചാരണം ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കി. യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥിൻറെ സന്ദേശം അവിടെ വായിച്ചത് ശരിയായില്ലെന്ന നിലപാടാണ് പാർട്ടിക്കുള്ളത്.കൂടാതെ, എസ്ഐആർ കൊണ്ടുവന്നത് പിണറായി വിജയനാണെന്ന കള്ളപ്രചാരണവും മുസ്‌ലിം ലീഗിൻറെ വർഗീയ ചേരിതിരിവ് രാഷ്ട്രീയവും ന്യൂനപക്ഷങ്ങളെ ഇടതുപക്ഷത്ത് നിന്ന് അകറ്റി. വലിയ വാഗ്ദാനങ്ങൾ നൽകി ജനങ്ങളെ കബളിപ്പിച്ചാണ് യുഡിഎഫ് അധികാരത്തിൽ വന്നത്.

അദാനി ഗ്രൂപ്പ് ഉദ്യോഗസ്ഥരുമായും എൻഡിഎ നേതാക്കളുമായും മംഗലാപുരത്ത് രഹസ്യ കൂടിക്കാഴ്ച നടത്തിയ വി.ഡി. സതീശൻ മുഖ്യമന്ത്രിയായതിന് ശേഷം തുറമുഖ വകുപ്പ് ഏറ്റെടുത്തത് ഇതിന് തെളിവാണ്. പി.എം ശ്രീ പദ്ധതി നടപ്പാക്കുന്നതിലും, മഹാത്മാഗാന്ധി സർവകലാശാലയിലെ വി.സി, സെനറ്റ് അംഗങ്ങൾ എന്നിവരെ നിശ്ചയിച്ചതിലും സർക്കാരിന് ഇരട്ടത്താപ്പാണ് ഉള്ളതെന്നും ഇത് കാവിവൽക്കരണത്തിന് കൂട്ടുനിൽക്കുന്ന നിലപാടാണെന്നും എം.വി. ഗോവിന്ദൻ കുറ്റപ്പെടുത്തി.

'പിണറായിയും പ്രതിപ്പട്ടികയിലേക്ക് വരും, എന്തിനാണ് വീണ എകെജി സെൻററിൻെറ വിലാസം നൽകിയത്': മാത്യു കുഴൽനാടൻ

കൊച്ചി: മാസപ്പടി കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയനും പ്രതിപ്പട്ടികയിൽ വരുമെന്ന് മാത്യു കുഴൽനാടൻ എംഎൽഎ. ഇനിയും കൂടുതൽ വിവരങ്ങൾ പുറത്ത് വരാനുണ്ട്. സേവനം ഒന്നും നൽകാതെ വീണ പണം കൈപ്പറ്റി. എന്തിന് വേണ്ടിയാണ് ആണ് പണം കൈപ്പറ്റിയത്. സിഎംആർഎലിന് എല്ലാ സൗകര്യവും ചെയ്തുകൊടുത്തത് പിണറായി വിജയനാണെന്നും മാത്യു കുഴൽനാടൻ ആരോപിച്ചു.

കള്ളപ്പണ വെളുപ്പിക്കൽ നിരോധന നിയമപ്രകാരമാണ് അന്വേഷണം നടക്കുന്നത്. വീണ ടി ബാങ്ക് മുഖാന്തരമാണ് പണം വാങ്ങിയത്. നിയമപരമായി കിട്ടിയതെന്ന പേരിൽ വെളുപ്പിക്കാനാണ് ശ്രമിച്ചത്. ഒരു പ്രയോജനവും ഇല്ലാതെ ആരെങ്കിലും കോടികൾ കൊടുക്കുമോ യഥാർഥ സേവനം കിട്ടിയത് പിവിയിൽ (പിണറായി വിജയൻ) നിന്നാണ്.

സിഎംആർഎൽ കമ്പനിയ്ക്ക് കരിമണൽ എടുക്കാൻ അവസരം ഒരുക്കിക്കൊടുത്തത് പിണറായിയാണ്. ഭൂപരിധി നിയമപ്രകാരം തിരിച്ച് പിടിക്കേണ്ട ഭൂമിക്ക് ഇളവ് നൽകി. 60 ഏക്കറിൽ അധികം ഭൂമിക്ക് റവന്യൂ ഇളവ് നൽകി. പ്രളയം മനുഷ്യനിർമിതമെന്ന് കൃഷ്ണൻകുട്ടിയുടെ ശബ്ദരേഖ ഉൾപ്പെടെ വ്യക്തമാക്കുന്നുണ്ട്. ഇതെല്ലാം ചെയ്തത് ആർക്ക് വേണ്ടിയാണ്

എല്ലാ സൗകര്യവും ചെയ്തുകൊടുത്തത് പിണറായിയാണ്. അദ്ദേഹത്തിൻറെ മകൾക്കാണ് കോടിക്കണക്കിന് രൂപ കമ്പനി കൊടുത്തത്. കമ്പനി ഡയറക്ടർ വീണയാണ്. അവർ നൽകിയ വിലാസം എകെജി സെൻററിൻറേതാണ്. എന്തിന് ഈ വിലാസം വീണ നൽകിയെന്ന് ചോദിക്കാൻ ആർജവം ഉള്ള ഒരു കമ്മ്യൂണിസ്റ്റും കേരളത്തിൽ ഇല്ല. ഇഡി വാഹനം തകർക്കുന്ന സഖാക്കൾ യഥാർഥത്തിൽ സിപിഐഎമ്മിനെയാണ് തകർക്കുന്നത്.

ഇതിലും വലിയ പതനം പാർട്ടിക്ക് ഉണ്ടാകും. മകൾ ചെയ്ത കാര്യങ്ങളുടെ ആഴവും പരപ്പും പിണറായിക്ക് അറിയാം.

അതിനാലാണ് എന്നെ പിണറായി വേട്ടയാടിയത്. സിഎംആർഎല്ലിന് വഴിവിട്ട സഹായം ചെയ്തതിൽ പിണറായിക്ക് പങ്കുണ്ട്. സിബിഐ അന്വേഷണം വന്നാൽ പിണറായി പ്രതിയാകും എന്നാണ് മാത്യു കുഴൽനാടൻ പറയുന്നത്.